# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴവിലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/TVM/4/GP8/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 03/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴുവിലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/TVM/4/GP8/2022 തീയ്യതി: 03/03/2022

## തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-12-2021 | 24-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി എം.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ബീന എൻ, സീ.ഗ്രേ ഓഡിറ്റർ
ശ്രീ.ശരത് ജെ.ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.അൻസാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ബാലാനന്ദൻ | സെക്രട്ടറി | 01-04-2019 | 19-07-2019 |
| ശ്രീ.ബെൻസിലാൽ കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-07-2019 | 22-07-2019 |
| ശ്രീമതി.കെ.എസ്.ഷീബ | സെക്രട്ടറി | 22-07-2019 | 07-08-2020 |
| ശ്രീമതി.മിനി ജി | സെക്രട്ടറി | 08-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയലക്ഷ്മി | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ബെൻസിലാൽ കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ബൈബി സജനി റാഹസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അഭിത ജി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുസ്മിത കെ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 18-07-2019 |
| ശ്രീ.പ്രഭുലാൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2019 | 31-03-2020 |
| ഡോ.മിനി.എ.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ദീപ രവി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ദിവ്യ വി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.വീണ ആർ | വി.ഇ.ഓ -I | 01-04-2019 | 31-03-2020 |
| ശ്രീ.അനൂപ് | വി.ഇ.ഓ -II | 01-04-2019 | 22-12-2019 |
| ശ്രീ.അനൂപ് കുമാർ | വി.ഇ.ഓ -II | 23-12-2019 | 31-03-2020 |
| ഡോ.ജിജി ഭായി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.സതീഷ് കുമാർ.എസ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Beena.N (Senior Grade Auditor, On 30-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sarath J Sankar (Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Sarath J Sankar (Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Beena.N (Senior Grade Auditor, On 29-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ<br>Written By: Lathakumari M (Audit Officer, On 30-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 1-9 |
| 10 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 1-10 |
| 11 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പാക്കിയില്ല<br>Written By: Beena.N (Senior Grade Auditor, On 28-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-11 |
| 12 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Beena.N (Senior Grade Auditor, On 28-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-12 |
| 13 | സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല<br>Written By: Beena.N (Senior Grade Auditor, On 28-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-13 |
| 14 | ലൈസൻസില്ലാതെ വളർത്തു നായകളെ പരിപാലിക്കുന്നത്- ചട്ടവിരുദ്ധം<br>Written By: Beena.N (Senior Grade Auditor, On 28-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 1-14 |
| 15 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Beena.N (Senior Grade Auditor, On 28-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-15 |
| 16 | സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-16 |

| | | |
|---|---|---|
| | Written By: Beena.N (Senior Grade Auditor, On 28-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | |
| 17 | തൊഴിൽ നികുതി-രണ്ടാം അർദ്ധവർഷം വരുമാനത്തിൽ ഗണ്യമായ കുറവ്.<br>Written By: Lathakumari M (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 09-02-2022) | 1-17 |
| 18 | തൊഴിൽ നികുതി-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 30-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-18 |
| 19 | പിഴപ്പലിശ ഈടാക്കിയതിൽ കുറവ്.<br>Written By: Lathakumari M (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 1-19 |
| 20 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു<br>Written By: Beena.N (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-20 |
| 21 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Beena.N (Senior Grade Auditor, On 30-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 1-21 |
| 22 | വെള്ളക്കരം-സംയുക്ത പരിശോധന-നടത്തിയിട്ടില്ല<br>Written By: Lathakumari M (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-22 |
| 23 | തുറസായ കിണർ ശുചിത്വ കിണറാക്കൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-23 |
| 24 | മേൽക്കൂര പുതുക്കി പണിയൽ - സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതികൾ നടപ്പാക്കി<br>Written By: Sarath J Sankar (Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-24 |
| 25 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-25 |
| 26 | വീടിന്റെ മേൽക്കൂര മാറ്റി പുതിയത് നിർമ്മിക്കൽ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 31-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-26 |
| 27 | ലൈഫ് ഭവന പദ്ധതി - കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചു<br>Written By: Sarath J Sankar (Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-27 |
| 28 | ഇ.എം.എസ്.ഭവന പദ്ധതി - ലോൺ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 31-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 1-28 |
| 29 | കിണർ റീചാർജ്ജിംഗ് പദ്ധതി വ്യക്തമായ ആസൂത്രണമില്ലാതെ നടപ്പിലാക്കി<br>Written By: Beena.N (Senior Grade Auditor, On 30-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-02-2022) | 1-30 |
| 30 | കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച്-<br>Written By: Beena.N (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-31 |
| 31 | കാലാവധി കഴിഞ്ഞ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു<br>Written By: Beena.N (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-33 |
| 32 | ആയുർവേദ മെഡിക്കൽ ഓഫീസർ-നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Beena.N (Senior Grade Auditor, On 30-12-2021) | 1-34 |

| | | |
|---|---|---|
| | Last Updated By: Reni L.S. (Computer Assistant, On 08-02-2022) | |
| 33 | മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്തില്ല<br>Written By: Beena.N (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-35 |
| 34 | അങ്കണവാടികളുടെ ഭൌതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ<br>Written By: Mary Andrews (Audit Officer, On 01-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 09-02-2022) | 1-36 |
| 35 | പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Mary Andrews (Audit Officer, On 02-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 09-02-2022) | 1-37 |
| 36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -ചെലവ് തുക 5,71,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Mary Andrews (Audit Officer, On 03-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 09-02-2022) | 1-37-1 |
| 37 | വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 5,12,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Mary Andrews (Audit Officer, On 02-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 1-38 |
| 38 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: Mary Andrews (Audit Officer, On 02-01-2022)<br>Last Updated By: Reni L.S. (Computer Assistant, On 09-02-2022) | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 07-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Biji T (Computer Assistant, On 03-01-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathakumari M (Audit Officer, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sarath J Sankar (Auditor, On 29-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 08-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.02.2019ലെ തീരുമാനം 1 നമ്പർ തീരുമാന പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരുമാനം 363174848/-രൂപയും പ്രതീക്ഷിത ചെലവ് 352243510/-രൂപയും നീക്കിബാക്കി 10931338/-രൂപയും ആണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 27.02.2019ലെ തീരുമാനം 1 പ്രകാരം 2019-20വർഷത്തെ ബജറ്റ് അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി 24.03.2020 ന് അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 18.05.2020 |

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

2)ഗ്രാമപഞ്ചായത്തിലെ Fixed Asset- ളുടെ ഡിപ്രിസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3)വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ അനുവദിച്ച നൽകിയ തുകകളിൽ 2019-20 വർഷം വരെ ചെലവഴിക്കാത്ത/വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Code | Particulars | Amount |
|---|---|---|
| 460500201 | Deposit With Kerala Water Authority | 1699495/- |
| 460500202 | Deposit With KSEB | 1458381/- |
| 460500204 | Deposit With Ground Water Department | 204500/- |

മേൽ ഏജൻസികൾക്ക് മുൻ വർഷങ്ങളിൽ ഉൾപ്പെടെ അനുവദിച്ച തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4)460100199 Other Advance ഇനത്തിൽ പ്രീ മൺസൂൺ ക്യാംപെയിന് വേണ്ടി ചെലവഴിച്ച തുകയായ 151100/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

5)2019-20 വർഷാരംഭം മുതൽ നിലനിൽക്കുന്ന താഴെപ്പറയുന്ന തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തേണ്ടതാണ്.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350200202 | Reecoveries Payable Values Added Tax | 523 |
| 350409901 | Refunds Payable Others | 214453 |
| 350300199 | Government And Other Dues Payable | 142933 |
| 350800299 | Other Liabilities | 1100 |

| | | |
|---|---|---|
| 350200115 | Recoveries Payable - Dues To Other Panchayaths | 2000 |

6)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും ലൈസൻസിനും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2019-20 വർഷം വസ്തു നികുതിക്കും ലൈസൻസിനും വർഷാവസാനത്തിൽ മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയത് . വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതികൾ |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2020 |
| 140110101 | Licence Fee For Dangerous And Offensive Trades | 31.03.2020 |
| 110200101 | Profession Tax-Institutions *Professionals*/traders | 31.03.2020 |

7)സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളിൽ 320700404 ഹെഡിൽ 440142/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളിൽ 320700205 ഹെഡിൽ 837720/- രൂപയും 2018-19 വർഷം മുതൽ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിക്കാതെയും ബന്ധപ്പെട്ട സ്ഥാപനത്തിൽ തിരികെ ഒടുക്കാതെയും തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു. പ്രസ്തുത തുകകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

8)2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽചെലവഴിക്കാതെ 81559/- രൂപ അവശേഷിക്കുന്നു. ഗുണഭോക്തൃവിഹിതത്തിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതി ലഭ്യമാക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

1)2019-20 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം ചുവടെ ചേർക്കുന്നു

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16186765 | 16186765 | 14757493 | 1429272 | 570257 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 16947706 | 16947706 | 11628906 | 5318800 | 280634 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 13206256 | 13206256 | 2632979 | 10573277 | 73750 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 22360000 | 22360000 | 5608583 | 16751417 | 1681343 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 5039000 | 5039000 | 4024848 | 1014152 | - |
| എം.എൻ.ആർ.ഇ.ജി.എസ് | 25054 | 41438497 | 41463551 | 41456479 | 7072 | - |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 1610740 | 0 | 1610740 | 0 | 1610740 | - |
| ഐ.സി.ഡി.എസ് | 2328897 | 958613 | 3287510 | 2258614 | 1028896 | - |
| ടോട്ടൽ സാനിറ്റേഷൻ | 15925 | 0 | 15925 | 0 | 15925 | - |
| ലിറ്ററസി സ്കീം ഗ്രാന്റ് | 49890 | 2003 | 51893 | 60 | 51833 | - |
| ലൈഫ്- സംസ്ഥാന വിഹിതം | 0 | 6500000 | 6500000 | 4463078 | 2036922 | - |
| വിമുക്തി | 525304 | | 525304 | 0 | 525304 | - |
| എസ്.എസ്.എ | 1240000 | 0 | 1240000 | 0 | 1240000 | - |
| ഡിപ്പാർട്ടമെന്റ് ഫണ്ട് | 12000 | 0 | 12000 | 0 | 12000 | |
| കേരളോത്സവം | 18430 | 0 | 18430 | 7680 | 10750 | |

ഗ്രാമപഞ്ചായത്തിന് തൻ വർഷം വകയിരുത്തിയ വിവിധ ഗ്രാന്റ് തുകകൾ ചെലവഴിക്കാത്തതിനാൽ ലാപ്സായിട്ടുണ്ട്(ലാപ്സായ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ക്യൂ ബിൽ ഉൾപ്പെടെയുള്ള തുകയാണ്). പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിലും വിവിധ ഗ്രാന്റുകൾ ചെലവഴിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്.

2)ഗ്രാമപഞ്ചായത്തിന് വിവിധ വർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ് കോഡ് | 2018-19 ബാലൻസ് ഷീറ്റ് പ്രകാരം | 2019-20 വർഷത്തെ ചെലവ് | 2019-20 ബാലൻസ് ഷീറ്റ് |
|---|---|---|---|---|
| 1 | 311200101 | 705000 | 0 | 705000 |
| 2 | 320100116 | 1240000 | 0 | 1240000 |
| 3 | 320200205 | 12000 | 0 | 12000 |

3)2019-20 വർഷത്തെ വികസന ഫണ്ട് വിനിയോഗത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും താഴെപ്പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 16186765 | 15900858 | 285907 |
| | Grant Statement | 16186765 | 14757493 | 1429272 |
| Development Fund (SCP) | ACR | 16947706 | 11628906 | 5318800 |
| | Grant Statement | 16947706 | 11977305 | 4970401 |

## 1-4 പദ്ധതി അവലോകനം

2019-20 ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 133529769 | 108 | 6,38,93,005 | 12 | 78 | 55 |

പദ്ധതി അടങ്കലിന്റെ 47 % തുക മാത്രമാണ് തൻ വർഷം ചെലവഴിച്ചിട്ടുള്ളത്. സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018 ഉത്തരവ് പ്രകാരമുള്ള മാർഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നിർവഹിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിലും നിർവഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ശ്രദ്ധ അനിവാര്യമാണ്

## 1-5 ക്ഷേമപദ്ധതികൾ

1) വിവിധ ക്ഷേമപദ്ധതികൾക്ക് 2019-20 വർഷം ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 300960 | 118 |
| കർഷകതൊഴിലാളി പെൻഷൻ | 1486200 | 554 |
| വിധവാപെൻഷൻ | 9970800 | 3373 |
| വാർദ്ധക്യകാലപെൻഷൻ | 17837700 | 5983 |
| വികലാംഗപെൻഷൻ | 2427800 | 831 |
| വിവാഹധനസഹായം | 180000 | 6 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 172200 | 58 |

2) സാമൂഹ്യ ക്ഷേമ പെൻഷൻ-വ്യക്തികൾ മരണപെട്ടിട്ടും പെൻഷൻ തുക പഞ്ചായത്ത് കൈമാറി

സാമൂഹ്യ ക്ഷേമ പെൻഷൻ കൈപറ്റുന്നയാൾ മരണപ്പെട്ടാൽ പ്രസ്തുത വ്യക്തിയുടെ പേര് പെൻഷൻ അനുവദിക്കപ്പെട്ടവരുടെ ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒഴിവാക്കാനായി പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. 2019 -20 ന്റെ ഭാഗമായുള്ള ഓഡിറ്റ് പരിശോധനയിൽ സ്ഥാപനത്തിലെ രേഖകൾ പരിശോധിച്ചപ്പോൾ വ്യക്തികൾ മരണപെട്ടിട്ടും ബന്ധപ്പെട്ട വ്യക്തികളുടെ അക്കൗണ്ടിലേക്കു പെൻഷൻ തുക പഞ്ചായത്ത് കൈമാറിയതായി കണ്ടു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| | പേര് | പെൻഷൻ ഐഡി നം. | പെൻഷൻ വിശദാംശം | മരണപ്പെട്ട ദിവസം | പെൻഷൻ കൈപ്പറ്റിയത് | അധിക തുക കൈപ്പറ്റിയ മാസങ്ങൾ |
|---|---|---|---|---|---|---|
| 1 | ബാലകൃഷ്ണ പിള്ള.ആർ DOB:1948 | 102440201773 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 25.11.2018 | ജൂലൈ 2019 വരെ | ഡിസംബർ-2018,ജനവരി-ഫെബ്രുവരി-മാർച്ച്- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഏപ്രിൽ 2019<br>മെയ്-ജൂൺ-ജൂലൈ 2019 |
| 2 | എം.നാരായണപിള്ള<br>DOB:1944 | 102440202519 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 08.12.2018 | ജൂലൈ 2019 വരെ | ജനവരി-ഫെബ്രുവരി-മാർച്ച്-ഏപ്രിൽ 2019<br>മെയ്-ജൂൺ-ജൂലൈ 2019 |
| 3 | ഭാസ്കരൻ.ആർ<br>DOB:1943<br>74 Yrs | 102440201774 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 09.01.2019 | ജൂലൈ 2019 വരെ | ഫെബ്രുവരി-മാർച്ച്-ഏപ്രിൽ 2019<br>മെയ്-ജൂൺ-ജൂലൈ 2019 |
| 4 | തങ്കമണിഅമ്മ<br>DOB:1947 | 102440201171 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 13.01.2019 | ഏപ്രിൽ 2019 | ഫെബ്രുവരി-മാർച്ച്-ഏപ്രിൽ 2019<br>മെയ്-ജൂൺ-ജൂലൈ2019 |
| 5 | എൻ.രാമചന്ദ്രൻ നായർ<br>DOB:1939 | 102430201536 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 06/02/2019 | ജൂലൈ 2019 വരെ | മാർച്ച്-ഏപ്രിൽ 2019<br>മെയ്-ജൂൺ-ജൂലൈ 2019 |
| 6 | ജി.സുദർശനൻ<br>DOB:1949 | 102440202068 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 14/02/2019 | ജൂലൈ 2019 വരെ | മാർച്ച്-ഏപ്രിൽ 2019<br>മെയ്-ജൂൺ-ജൂലൈ 2019 |
| 7 | ധർമ്മപാലൻ<br>DOB:1935<br>84 Yrs | 102440100172 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 24/01/2019 | ഏപ്രിൽ 2019 | ഫെബ്രുവരി-മാർച്ച്-ഏപ്രിൽ 2019 |
| 8 | ശാരദ<br>DOB:1930<br>90 Yrs | 102440200124 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 31/01/2019 | ഏപ്രിൽ 2019 | ഫെബ്രുവരി-മാർച്ച്-ഏപ്രിൽ 2019 |
| 9 | ശങ്കരൻ<br>DOB:1952<br>68yrs | 102440200865 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 13/02/2019 | ജൂലൈ 2019 വരെ | മാർച്ച്-ഏപ്രിൽ 2019<br>മെയ്-ജൂൺ-ജൂലൈ 2019 |
| 10 | കുമാരൻ നായർ<br>DOB:1947<br>72yrs | 102440200659 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 28/02/2019 | ജൂലൈ 2019 വരെ | മാർച്ച്-ഏപ്രിൽ 2019<br>മെയ്-ജൂൺ-ജൂലൈ 2019 |
| 12 | അശോകൻ<br>DOB:1949<br>70yrs | 102440202472 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 21/04/2019 | ജൂലൈ 2019 വരെ | മെയ്-ജൂൺ-ജൂലൈ 2019 |

| | | | | | | |
|---|---|---|---|---|---|---|
| 13 | ജി.ശശിധരൻ DOB:1948 71 Yrs | 102440201222 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 23/04/2019 | ജൂലൈ 2019 വരെ | മെയ്-ജൂൺ-ജൂലൈ 2019 |
| 14 | ചന്ദ്രശേഖരൻ DOB:1953 | 102440203307 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 21/05/2019 | ജൂലൈ 2019 വരെ | ജൂൺ-ജൂലൈ 2019 |
| 15 | സത്യശീലൻ.വി DOB:1946 | 102440200917 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 27/04/2019 | ജൂലൈ 2019 വരെ | മെയ്-ജൂൺ-ജൂലൈ 2019 |
| 16 | കമറുന്നീസ DOB:1955 | 102440203770 | ഇന്ദിരഗാന്ധി വാർധക്യകാല പെൻഷൻ | 24/05/2019 | ജൂലൈ 2019 വരെ | ജൂൺ-ജൂലൈ 2019 |

ഇത്തരം ക്രമക്കേടുകൾ വരാതിരിക്കുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. മരണപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി സഹകരണ ബാങ്കുകൾ/ദേശസാൽകൃത ബാങ്കുകളുടെ അക്കൌണ്ടിലേക്ക് നൽകിയ തുകകൾ കണ്ടെത്തി തുക തിരികെ സർക്കാരിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2021, 10.10 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47201/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. ഓഫീസ് ജോലി വിഭജനപ്രകാരം

കൃത്യതയോടെ പൂർത്തിയാക്കേണ്ടതുണ്ട്. അപാകങ്ങൾ താഴെ.

1)ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2) വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയും പൂർണതയും ഉറപ്പാക്കണം.

3) ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന സ്പിൽ ഓവർ പദ്ധതികൾ തൻവർഷം തന്നെ പൂർത്തീകരിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥർ പാലിക്കുന്നില്ല.

4) വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വിതരണം നടത്തി.സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. സർക്കാർ പണത്തിന്റെ പാഴ്ചെലവ്.

5) വാടക, ലൈസൻസ് ഫീ മുതലായ വരുമാന ഇനങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

6) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട വസ്തു നികുതി ഉൾപ്പെടെയുള്ള തുകകൾ കൃത്യമായി ഡിമാന്റ് ചെയ്യാത്തതിനാൽ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

7) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

8) വെള്ളക്കരം-സംയുക്ത പരിശോധന-നടത്തിയിട്ടില്ല – അധികച്ചെലവിന്റെ സാധ്യത പരിശോധിക്കപ്പെട്ടിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കാൻ സമയബന്ധിതമായി ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

A) തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25054 | 1235336 | 1260390 | 1253318 | 7072 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40203161 | 40203161 | 40203161 | 0 |
| ആകെ | 25054 | 41438497 | 41463551 | 41456479 | 7072 |

B)ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

2019-20 വർഷത്തെ പ്രവർത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ എം.എൻ.ആർ.ഇ .ജി എസ് മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണമായി 2019-20 വർഷത്തെ ആദ്യ 5 ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)

| | |
|---|---|
| വർക്ക് കോഡ് | 1614002004/IF/429366 |
| പ്രവൃത്തിയുടെ പേര് | പശുത്തൊഴുത്ത് നിർമ്മാണം |
| ഗുണഭോക്താവ് | ശ്രീ.ഷാബു, |
| എം.ബുക്ക് നം | 60/2019-20 |
| ചെലവ് തുക | 48078/- |

അപാകങ്ങൾ

1)മാസ്റ്റർ സർക്കുലർ 2019-20 പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ ചെക്ക് ലിസ്റ്റ്, ഭരണാനുമതി, മസ്റ്റർ റോൾ മൂവ് മെന്റ് സ്ലിപ്, 3 ഘട്ടങ്ങളിലെ ഫോട്ടോ, എന്നിവയും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)13380 നമ്പർ മസ്റ്റർ റോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിലാളികൾ മസ്റ്റർ റോളിൽ 2 ഒപ്പ് രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3)പശുത്തൊഴുത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് 12,050/- രൂപയ്ക്ക് മെറ്റീരിയൽ വാങ്ങിയ കൊടിക്കകം ഹോളോബ്രിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച ഇൻവോയ്സിൽ ബിൽ നമ്പർ, ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ, ജി.എസ്.ടി തുക

എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4)നിർമ്മാണവുമായി ബന്ധപ്പെട്ട മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ 32,750/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 23,813/- രൂപയുടെ ടാക്സ് ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള തുകയുടെ എസ്റ്റിമേറ്റ് /പ്രൊഫോർമ ഇൻവോയ്സാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

II)

| | |
|---|---|
| വർക്ക് കോഡ് | 1614002004/IF/423494 |
| പ്രവൃത്തിയുടെ പേര് | കോഴിക്കൂട് നിർമ്മാണം |
| ഗുണഭോക്താവ് | ശ്രീമതി.മായ റ്റി |
| എം.ബുക്ക് നം | 48/2019-20 |
| ചെലവ് തുക | 40822/- |

അപാകങ്ങൾ

1)മാസ്റ്റർ സർക്കുലർ 2019-20 പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട രേഖകളായ ചെക്ക് ലിസ്റ്റ്, ഭരണാനുമതി, മസ്റ്റർ റോൾ മൂവ് മെന്റ് സ്ലിപ്, 3 ഘട്ടങ്ങളിലെ ഫോട്ടോ, പ്രോജക്റ്റ് പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)6001,6006,13379 എന്നീ നമ്പർ മസ്റ്റർ റോളുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിലാളികൾ മസ്റ്റർ റോളിൽ 2 ഒപ്പ് രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

3)കോഴിക്കൂട് നിർമ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപയ്ക്ക് മെറ്റീരിയൽ വാങ്ങിയ 'കൊടിക്കകം ഹോളോബ്രിക്സ്' എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച ഇൻവോയ്സുകളിൽ ബിൽ നമ്പർ, തീയതി ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ, ജി.എസ്.ടി തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 12,265/- രൂപയ്ക്ക് മെറ്റീരിയൽ വാങ്ങിയ 'അമ്മ ഹാർഡ്‌വെയേഴ്സ്' എന്ന സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി ഇൻവോയ്സല്ല സമർപ്പിച്ചിട്ടുള്ളത്.

4)നിർമ്മാണവുമായി ബന്ധപ്പെട്ട മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ 28,228/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 22,265/- രൂപയുടെ ടാക്സ് ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള തുകയുടെ എസ്റ്റിമേറ്റ് /പ്രൊഫോർമ ഇൻവോയ്സാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.39/23.12.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
C)സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്റ്റിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% (1% സി.ജി.എസ്.ടി, 1% എസ്.ജി.എസ്.ടി)ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിളിൽ നിന്നും ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തിയുടെ പേര് | എം. ബുക്ക് നം | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|---|
| 1 | 16140002004/RC /270091 | മണ്ണാൻവിളാകം റോഡ് കോൺക്രീറ്റിംഗ് | 34/2019-20 | മുരളീധരൻ നായർ.ആർ | 330685 |
| 2 | 16140002004/RC /269299 | വാഴോട്ട് റോഡ് കോൺക്രീറ്റിംഗ് | 45/2019-20 | മുരളീധരൻ നായർ.ആർ | 387454 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.40/23.12.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി തുക എം.ഐ.എസിൽ കുറവ് ചെയ്യുന്നതിന് സൗകര്യം ലഭിക്കുന്നത് വരെ അന്തിമ ബിൽ വരെയുള്ള ജി.എസ്.ടി വരെ വെണ്ടർ/സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ തുക അനുവദിക്കേണ്ടതാണ്. (സർക്കുലർ നം.957/ഇ.ജി.എസ്-സി/16/എൻ.ആർ.ഇ.ജി.എസ് തീ.30.07.2019)

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2021 | 09/2020- 12/2020 | 20.01.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.12.2016 മുതൽ 09.01.2016 വരെ | 2011-12 മുതൽ 2015-16 വരെ | 27.09.2018 |

## 1-10 വസ്തു നികുതി - അപാകങ്ങൾ

### 1)വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നികുതി നിർണയത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല

സഞ്ചയ സോഫ്റ്റ്വെയറിൽ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്തിട്ടില്ല

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 1/59 | ശിവ നാരായണപിള്ള | പാർപ്പിടം | 63 $M^2$ |
| 2 | 1/73 . | മാധവൻ പിള്ള | പാർപ്പിടം | 90 $M^2$ |
| 3 | 1/110 | സുനിൽ കുമാർ | പാർപ്പിടം | 74 $M^2$ |
| 4 | 1/113 . | അശോകൻ | പാർപ്പിടം | 75 $M^2$ |
| 5 | 1/132 A | ഗോപികൃഷ്ണൻ | പാർപ്പിടം | 90 $M^2$ |
| 6 | 1/141 A | കർമ്മചന്ദ്രൻ | പാർപ്പിടം | 77 $M^2$ |
| 7 | 1/203 | അഭിലാഷ് | പാർപ്പിടം | 80 $M^2$ |
| 8 | 1/206 | ഓമന അമ്മ | പാർപ്പിടം | 90 $M^2$ |
| 9 | 1/206 A | ഓമന അമ്മ | പാർപ്പിടം | 90 $M^2$ |
| 10 | 1/238 A | ഗോപിനാഥൻ നായർ | പാർപ്പിടം | 220 $M^2$ |
| 11 | 1/244 B | ചന്ദ്രശേഖരൻ നായർ | പാർപ്പിടം | 120 $M^2$ |
| 12 | 1/244 A | ചന്ദ്രശേഖരൻ നായർ | പാർപ്പിടം | 120 $M^2$ |

| | | | | |
|---|---|---|---|---|
| 13 | 1/315 B | രാജേശ്വരി | പാർപ്പിടം | 112 $M^2$ |
| 14 | 1/338 | അനിൽകുമാർ | പാർപ്പിടം | 64 $M^2$ |
| 15 | 1/379 | ശശിധരൻ | പാർപ്പിടം | 105 $M^2$ |
| 16 | 1/390 | താജുദ്ദീൻ | പാർപ്പിടം | 159 $M^2$ |
| 17 | 1/411 | സുദർശനൻ | പാർപ്പിടം | 70 $M^2$ |
| 18 | 1/411 A | സുദർശനൻ | പാർപ്പിടം | 70 $M^2$ |
| 19 | 1/414 | ശശികുമാർ | പാർപ്പിടം | 70 $M^2$ |
| 20 | 1/418 | സാബു | പാർപ്പിടം | 66 $M^2$ |
| 21 | 1/550 1 | മണി | പാർപ്പിടം | 66 $M^2$ |
| 22 | 1/551 B | മുരുകൻ | പാർപ്പിടം | 100 $M^2$ |

B)നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു

സഞ്ചയ സോഫ്റ്റ് വെയറിൽ 2,16,18,19 എന്നീ വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). വിശദാംശം ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 2/381 | എം. എസ്സ് സജി | പാർപ്പിടം | 198 $M^2$ | 5994/- |
| 2 | 2/92 A | ലളിത | പാർപ്പിടം | 69 $M^2$ | 2874/- |
| 3 | 2/505 | റീന | പാർപ്പിടം | 79 $M^2$ | 2394/- |
| 4 | 2/328 A | കുഞ്ഞിലക്ഷ്മി അമ്മ | പാർപ്പിടം | 64 $M^2$ | 1620/- |
| 5 | 2/327 | വി. ബേബി | പാർപ്പിടം | 61 $M^2$ | 1540/- |
| 6 | 2/91 | ലളിത | പാർപ്പിടം | 77 $M^2$ | 1215/- |
| 7 | 19/465 | ഹിദാഷ്. എ | പാർപ്പിടം | 112 $M^2$ | 1698/- |
| 8 | 19/193 | സുജാത | പാർപ്പിടം | 111 $M^2$ | 982/- |
| 9 | 19/519 | വസന്ത എൽ | പാർപ്പിടം | 70 $M^2$ | 708/- |
| 10 | 18/90 | ജയചന്ദ്രൻനായർ | പാർപ്പിടം | 90 $M^2$ | 1362/- |
| 11 | 18/260 | ശ്യാമള | പാർപ്പിടം | 65 $M^2$ | 1107/- |
| 12 | 18/287 | ഉഷാദേവി | പാർപ്പിടം | 75 $M^2$ | 993/- |

| | | | | | |
|---|---|---|---|---|---|
| 13 | 18/457 | ഉണ്ണി ബീന | പാർപ്പിടം | 70 $M^2$ | 796/- |
| 14 | 18/390 | അമ്പിളി | പാർപ്പിടം | 80 $M^2$ | 708/- |
| 15 | 18/393 | കൃഷ്ണമ്മ | പാർപ്പിടം | 70 $M^2$ | 708/- |
| 16 | 16/21 | രാമചന്ദ്രൻപിള്ള | പാർപ്പിടം | 90 $M^2$ | 1705/- |
| 17 | 16/271 | നിർമ്മല | പാർപ്പിടം | 72 $M^2$ | 1595/- |
| 18 | 16/224 | ശാരദ | പാർപ്പിടം | 90 $M^2$ | 1278/- |
| 19 | 16/418 | ഓമന | പാർപ്പിടം | 65 $M^2$ | 820/- |

C)കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ അഞ്ചാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളുലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
|---|---|---|---|---|---|
| 6 | 7 | 2 | 240 | 240 | - |
| 12 | - | 1 | 243 | 243 | - |
| 82 | - | 1 | 278 | 278 | - |
| 91 | - | 1 | 283 | 283 | - |
| 98 | - | 1 | 310 | 310 | - |
| 107 | - | 1 | 319 | 319 | - |
| 117 | - | 1 | 330 | 330 | - |
| 120 | - | 1 | 336 | 336 | - |
| 133 | - | 1 | 340 | 341 | 2 |
| 183 | - | 1 | 367 | 367 | - |
| 204 | - | 1 | 373 | 375 | 3 |
| 217 | - | 1 | 386 | 389 | 4 |
| 219 | - | 1 | 404 | 404 | - |
| 221 | - | 1 | 410 | 410 | - |
| 227 | - | 1 | 434 | 434 | - |

| | | | | | |
|---|---|---|---|---|---|
| 235 | - | 1 | 448 | 448 | - |
| 237 | - | 1 | 451 | 451 | - |
| | | | 465 | 486 | 22 |
| | | | Total | | 63 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 07,11/16.12.2021,15/17.12.2021 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൽ കണ്ടെത്തേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമ യ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി,30 ച.മീറ്ററിന് മുകളിൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 14/389 | വേലായുധൻ | പാർപ്പിടം | 64 $M^2$ |
| 2 | 16/128 | അജിതകുമാരി. പി. ജെ | പാർപ്പിടം | 76 $M^2$ |
| 3 | 17/176 | ശശി / സുഗത | പാർപ്പിടം | 65 $M^2$ |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 18/17.12.2021 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)വാണിജ്യ കെട്ടിട ത്തിന് തെറ്റായ നികുതി നിർണയം നടത്തി

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 45/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 16/490 A | ഷിജു | ഷോപ്പ് | 195 $M^2$ |
| 2 | 16/321 C | വിജയലക്ഷ്മി അമ്മ | ഷോപ്പ് | 187 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 02/07.10.2021 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ പെർമിറ്റ് തീയതി 01.01.1900 എന്ന് രേഖപ്പെടുത്തിയതിനാൽ കാലപ്പഴക്കമുള്ള കെട്ടിടമാണെന്നും 2000 ച.മീറ്റർ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് പഴയ നികുതി നിലനിർത്തിയതിനാലാണ് ഇത്തരത്തിൽ വ്യത്യാസം രേഖപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. പെർമിറ്റ് തീയതി രേഖപ്പെടുത്താത്ത എല്ലാ കെട്ടിടങ്ങൾക്കും

സഞ്ചയയിൽ ഡീഫോൾട്ടായി ഉൾപ്പെടുന്ന തീയതിയാണ് 01.01.1900.കൂടാതെ മേൽ കെട്ടിടങ്ങളുടെ ARV നിരക്കിൽ വസ്തു നികുതി നിർണയിച്ചതിന്റെ വിവരവും സഞ്ചയിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് നിലവിൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പുതുക്കിയ നിരക്കിലാണ് നികുതി നിർണിയിച്ചിട്ടുള്ളത്. ആയതിനാൽ മേൽ മറുപടികൾ പരിഗണനാർഹമല്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 15 മുതൽ 20 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ 2019-20 വർഷം മേൽ നടപടി ക്രമങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | വാർഡ്/ കെട്ടിട നം | പേര് , വിലാസം |
|---|---|---|
| 1 | 20/95 | ശിവപ്രസാദ്. ബി. യു ബി. യു (ഉമാഭവൻ,കുന്തള്ളൂർ) |
| 2 | 20/369 | സുരേഷ്കുമാർ (ജെ എസ് ഭവൻ,പൂരവൂർ കുന്തള്ളൂർ) |
| 3 | 19/113 | മഹേശൻ നായർ (ഹരിവിഷ്ണു,അടിക്കലം) |
| 4 | 18/283 | ഇന്ദിരാഭായിഅമ്മ (ചന്ദ്രാകോട്ടേജ്,അടീക്കലം) |
| 5 | 18/300 | എസ്. രാജൻ (മുണ്ടപള്ളിവീട്,അടീക്കലം) |
| 6 | 18/300 A | രാജൻ (മുണ്ടപള്ളിവീട്,അടീക്കലം) |
| 7 | 17/130 | വി ആർ രാമചന്ദ്രന്പിള്ള (ബാലകൃഷ്ണമന്ദിരം,കുന്തള്ളൂർ) |
| 8 | 16/128 A | സുജ സുരേഷ് (പവിത്രം,കുന്തള്ളൂർ) |
| 9 | 16/136 | ശ്യാമളകുമാരിഅമ്മ (പടിഞ്ഞാറ്റതിൽ വീട്) |
| 10 | 16/130 | വി.ആർ. രാമചന്ദ്രൻപിള്ള (ബാലകൃഷ്ണമന്ദിരം,കുന്തള്ളൂര്) |
| 11 | 15/247 | ഗോപാലനാശാരി (ചരുവിളട്ടത്തൻ വീട്,കുന്നവാരം) |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/16.12.2021 ന് ലഭിച്ച മറുപടിയിൽ അപേക്ഷകൾ സമർപ്പിക്കാൻ മൂന്ന് മാസം കാലാവധി കൂടി നീട്ടി നൽകിയതിനാലാണ് മേൽ അപാകത സംഭവിച്ചത്

എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കാലാവധിക്കുള്ളിൽ ലഭ്യമായ സത്യവാങ്മൂലം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

5)അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം |
|---|---|---|
| 1 | 1/192 B | ഗോമതി അമ്മ, മറവൂർ വീട് |
| | 1/192 | |
| 2 | 1/37 | കോലമ്മാൾ തെക്കേവിള വീട് |
| | 1/38 | |
| 3 | 1/265 | കുമാരി പുഷ്കല, കൊച്ചുവീട് |
| | 1/265 A | |
| 4 | 1/70 | രാധമ്മ, ചെക്കാല വിളാകം |
| | 1/70 A | |
| 5 | 2/249 | ഹസൻ& ഹുസൈൻ ,കല്ലുവിള വീട് |
| | 2/250 | |
| 6 | 2/313 | ജയശ്രീ ബി, നാരായണ മംഗലം |
| | 2/314 | |
| 7 | 2/164 | നവാസ് എ, തൈക്കാവുവിള വീട് |

| | |
|---|---|
| | 2/170 |

B)കെട്ടിട ഉടമകൾ സത്യവാങ്മൂലം സമർപ്പി ച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ട സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്.

| Sl No | New Ward No | New Door No | New Sub No | Owner Details | Plinth Area |
|---|---|---|---|---|---|
| 1 | 3 | 323 | A | ഉദയകുമാർ. എസ്, എസ്. വിജിതകുമാരി (അനുപമ നിലയം,കടുവയിൽ, തെങ്ങിലഴികം) | 39 |
| 2 | 18 | 20 | A | എസ്. എൽ. സുനിൽ, സുനിലാരാജ് (രേവതി,പടനിലം, കുന്തള്ളൂർ) | 20 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14/17.12.2021 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ ഉൾപ്പെടെ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6)പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിൽ അപാകത

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ, സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം.തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|---|
| 1 | A3/7291/19 26/03/2019 | 8/20 | രാധമ്മ | പാർപ്പിടം | 74 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 1416/- |
| 2 | A3/7291/19 26/03/2019 | 8/44 | സുഭാഷ് | പാർപ്പിടം | 64 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 912/- |
| 3 | B3/1819/2019 22/03/2019 | 12/98 B | സജാദ് | പാർപ്പിടം | 128 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 4362/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | B3/1819/2019 22/03/2019 | 12/315 | ഗീത | വാണിജ്യകെട്ടിടം | 9 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 2556/- |
| 5 | A3-222/19 13/03/2019 | 16/387 A | അനിതകുമാരി.എ | പാർപ്പിടം | 130 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 4505/- |
| 6 | A3/7291/19 26.03.2019 | 8/600 | ഗോപി | വാണിജ്യകെട്ടിടം | 12 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 3601/- |
| 7 | A3/7291/19 26/03/2019 | 8/601 | ഗോപി | വാണിജ്യകെട്ടിടം | 12 $M^2$ | 2013 ഒന്നാം അർദ്ധവർഷം മുതൽ | 3744/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 12/17.12.2021 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ ഡേറ്റാ എൻട്രി ചെയ്തതിലെ അപാകത മൂലമാണ് കെട്ടിടത്തിന് നികുതി നിർണയിച്ചതെന്നും കെട്ടിടങ്ങൾ നിലവിലില്ല എന്ന് ബോധ്യപ്പെട്ടതിനാൽ നികുതി ഒഴിവാക്കി എന്നുമാണ് അറിയിച്ചിട്ടുള്ളത്. 1998 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ആയിരം രൂപയിൽ കവിയാത്ത തുക മാത്രമേ ഗ്രാമപഞ്ചായത്തിന് നേരിട്ട് എഴുതിത്തള്ളാൻ സാധിക്കുകയുള്ളു. അല്ലാത്ത പക്ഷം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങണം. മേൽ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

7)ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21(2)(ബി) പ്രകാരം, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് കണക്കാക്കുന്നത്, കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലുള്ള ആനുപാതിക ദിവസങ്ങൾക്കാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | ഫയൽ നം | അപേക്ഷതീയതി | കെട്ടിട നം | ഉപയോഗ ക്രമം | ഉടമ | നികുതി ഇളവ് കാലയളവ് |
|---|---|---|---|---|---|---|
| 1 | A3/3037/19 | 27/05/2019 | 17/735 | കൺവെൻഷൻ സെൻറർ | ഡോ.രാമചന്ദ്രൻ | 01.04.2019 മുതൽ 30.09.2019 വരെ |
| 2 | | | 17/736 | | | |
| 3 | | | 17/737 | | | |
| 4 | | | 17/738 | | | |
| 5 | | | 17/739 | | | |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 03/16.12.2021 ന് ലഭിച്ച മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ദിവസാടിസ്ഥാനത്തിൽ ഇളവ് രേഖപ്പെടുത്താൻ കഴിയില്ല എന്നും കോവിഡ് ലോക്ക് ഡൗൺ കാരണം അപേക്ഷ സമർപ്പിക്കുന്നതിന് കാലാവധി നീട്ടി നൽകിയിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ദിവസാടിസ്ഥാനത്തിൽ നികുതി ഇളവ് നൽകുന്നതിന് സഞ്ചയ സോഫ്റ്റ് വെയറിൽ വ്യവസ്ഥയുണ്ട്. കൂടാതെ 2020 മാർച്ച് മാസത്തിന് ശേഷമാണ് കോവിഡ് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനാൽ മേൽ വ്യവസ്ഥകൾ ഒന്നാം അർദ്ധ വർഷം നികുതി ഇളവ് നൽകിയ മേൽ കെട്ടിടങ്ങൾക്ക് ബാധകമല്ല. നികുതി ഇളവ് അനുവദിക്കുമ്പോൾ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8)കെട്ടിടങ്ങളുടെ കാലപ്പഴക്കം രേഖപ്പെടുത്തിയിൽ അപാകത

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേതഗതി ചട്ടങ്ങൾ, ചട്ടം 2(2)(iv)പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് 10 വർഷം മുതൽ 25 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവും 25 വർഷം മുതൽ 50 വർഷത്തിന് താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 20% ഇളവും 50 വർഷമോ അതിൽ കൂടുകലോ പഴക്കമുള്ള കെട്ടിടങ്ങൾക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് തെറ്റായ കാലപ്പഴക്കം രേഖപ്പെടുത്തി നികുതി ഇളവ് അനുവദിച്ച

നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് | സഞ്ചയയിൽ രേഖപ്പെടുത്തിയ കാലപ്പഴക്കം |
|---|---|---|---|---|---|---|
| 1 | 1/555 A | മുരുകൻ | വാണിജ്യാവശ്യത്തിനുള്ളഷോപ്പുകൾ | 11 $M^2$ | 2018 ഒന്നാം അർദ്ധ വർഷം മുതൽ | 10 വർഷം |
| 2 | 1/544 A | എം. ജി. സുരേഷ് കുമാർ | പാർപ്പിടം | 77 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 15 വർഷം |
| 3 | 1/311 C | രാജേഷ്. റ്റി | പാർപ്പിടം | 60 $M^2$ | 2020 ഒന്നാം അർദ്ധ വർഷം മുതൽ | 10 വർഷം |
| 4 | 2/440 A | സുനീസാബീവി | പാർപ്പിടം | 84 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 18 വർഷം |
| 5 | 7/360 B | വൽസലകുമാരി. ജെ | പാർപ്പിടം | 60 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 20 വർഷം |
| 6 | 5/52 A | വി. എസ്. സ്മിത | പാർപ്പിടം | 74 $M^2$ | 2018 ഒന്നാം അർദ്ധ വർഷം മുതൽ | 30 വർഷം |
| 7 | 3/130 | രാജീവ്, രജനി | പാർപ്പിടം | 79 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 10 വർഷം |
| 8 | 3/185 | ജഗൽജിത്ത്, ധന്യ ജഗൽജിത്ത് | പാർപ്പിടം | 170 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 15 വർഷം |
| 9 | 3/370 | കുമാർ, സുനിത | പാർപ്പിടം | 65 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 12 വർഷം |
| 10 | 3/253 | സുനിൽകുമാർ, റീനാവിജയൻ | പാർപ്പിടം | 139 $M^2$ | 2019 ഒന്നാം അർദ്ധ വർഷം മുതൽ | 15 വർഷം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 17/17.12.2021 ന് ലഭിച്ച മറുപടിയിൽ 2011 ലെ വസ്തു നികുതി പരിഷ്കരണത്തിൽ സഞ്ചയയിൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർണമാകാത്തതിനാലാണ് ഇത്തരത്തിൽ കെട്ടിടങ്ങൾക്ക് കാലപ്പഴക്കം രേഖപ്പെടുത്തിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കി നൽകിയതിന്റെ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

9)കെട്ടിട നമ്പർ നൽകൽ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | 1 | 2 |
|---|---|---|
| ഫയൽ നമ്പർ | 2621/19 | 3608/19 |
| കെട്ടിട ഉടമ | മനാർ ഇസ്മായിൽ | അബ്ദുൾ മനാഫ് |
| കെട്ടിട നമ്പർ | 9/2 A | 7/42 B |
| ഉപയോഗക്രമം | പാർപ്പിടം | പാർപ്പിടം |
| വിസ്തീർണം | 269.60 $M^2$ | 303 $M^2$ |

അപാകത

1) 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം വസ്തു നികുതി നിർണയിക്കുമ്പോൾ കെട്ടിട ഉടമകൾ സെക്രട്ടറി മുൻപാകെ ഫാറം നമ്പർ 2 സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, വസ്തു നികുതി നിർണ്ണയം നടത്തി ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫാറം നം 6 ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഫാറം 2 പൂർത്തീകരിച്ചിട്ടില്ല.

2)ക്രമ നമ്പർ 2 പ്രകാരമുള്ള കെട്ടിടത്തിന്റെ ഒറ്റത്തവണ നികുതി/ആഡംബര നികുതി ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല(1975 ലെ കേരള കെട്ടിട നികുതി നിയമം).

3)കെട്ടിടങ്ങളുടെ സ്ഥലപരിശോധന റിപ്പോർട്ടിൽ സെൻട്രലൈസ്ഡ് എയർ കണ്ടീഷൻ, മേഖല എന്നിവ സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല.

4)ക്രമ നമ്പർ 2 പ്രകാരമുള്ള കെട്ടിടത്തിന്റെ മേഖല ദ്വിതീയം എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പൂർത്തീകരണ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന് സമീപം സ്ഥിതി ചെയ്യുന്ന 7/42 നമ്പർ കെട്ടിടത്തിന് സഞ്ചയയിലെ മേഖല പ്രഥമമാണ്. കൂടാതെ ഫാറം നമ്പർ2 ൽ രേഖപ്പെടുത്തിയിരിക്കുന്ന മേഖലയും പ്രഥമമാണ്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 17/17.12.2021 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിട നമ്പർ നൽകി നികുതി നിർണയം നടത്തുമ്പോൾ, വസ്തു നികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പാക്കിയില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2019-20 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

16/12/21 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/2021 ന്റെ മറുപടിയിൽ മേഖല തിരിച്ച് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്.മേൽ മറുപടി പ്രകാരമുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1)പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.ഗ്രാമപഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2)ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ലൈസൻസ് ലഭിച്ച സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | VI/371 | കട്ടപ്പനാശാരി | വൈഗ ഫാൻസി |
| 2 | XI/285(A) | വിഷ്ണു | പലവ്യഞ്ജന വ്യാപാരം |
| 3 | XI/484 | ജയലീന.എൻ | ഹരിത ഡ്രൈവിംഗ് സ്കൂൾ |
| 4 | XII/334 | എം.ജലാലുദീൻ | ലാത്തറ ബേക്കറി |
| 5 | XIV/520 | ഉദയൻ | സ്പ്രേ പെയ്ന്റിംഗ് |
| 6 | XVI/526 | ശശാങ്കൻ.കെ | ആകാശ് ആട്ടോസ്പ്രെയേഴ്സ് |

ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ്

അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്. 2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട VIII, XIV, XVII എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | VIII/368 | G.ബിജി | തുണികച്ചവടം |
| 2 | VIII/198,199 | ബിനോയി.എസ്.ചന്ദ്രൻ | ഐസ്ക്രീം വിതരണം |
| 3 | VIII/187 | രഘുവരൻ | ടയർ റിപ്പയറിംഗ് ഷോപ്പ് |
| 4 | VIII/176(A) | ലൈസ.എൻ | ബേക്കറി |
| 5 | VIII/599 | ധർമ്മശീലൻ | ബേക്കറി |
| 6 | VIII/355(D) | അരുൺദേവ് | ഫൂട്ട് വെയർ&ഫാൻസി |
| 7 | VIII/605(A) | സൂര്യ.എസ്.ആർ | കാർ വർക്ക്ഷോപ്പ്&സർവ്വീസ് സെന്റർ |
| 8 | VIII/32(B) | സൂരജ്.എസ് | സ്റ്റേഷനറി കട |
| 9 | VIII/410 | രാജേന്ദ്രൻ | ചായകട |
| 10 | VIII/274 | അംബിക | കോഴിഫാം |
| 11 | XIV/86 | ശങ്കരൻനായർ | തയ്യൽകട |
| 12 | XIV/90 | ശങ്കരൻനായർ | ടെക്സ്റ്റയിൽസ് |
| 13 | XIV/97 | ആത്തിയപ്പൻ | മിക്ച്ചർ,ചിപ്പ്സ്,ലഡ്ഡു വിൽപ്പന |
| 14 | XIV/351,352 | പ്രമീള.ഐ.എസ് | പലചരക്ക് കട |
| 15 | XIV/353 | മുഹമ്മദ് അമീൻ,പ്രവീൺ | ടെക്സ്റ്റയിൽസ് |

| | | | |
|---|---|---|---|
| 16 | XIV/576(A),576(B) | ഷിഹാബുദ്ദീൻ | ഹോട്ടൽ |
| 17 | XVII /421 | ഡോ.എസ്.കാർത്തിക്ക് | ഡെന്റൽ ക്ളിനിക്ക് |
| 18 | XVII /444(B) | ഷാജഹാൻ.കെ | ബേബിഷോപ്പ് |
| 19 | XVII /33(D) | പിങ്കിരാജ് | ബ്യൂട്ടിപാർലർ |
| 20 | XVII /(A) | സീനത്ത് ബീവി | പലഹാരങ്ങൾ ഉണ്ടാക്കി വിൽപ്പന |
| 21 | XVII /471 | സജാദ്.എസ് | ഇറച്ചികോഴി വിൽപ്പന |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.06/16.12.2021ന്റെ മറുപടിയിൽ ഭാവിയിൽ ഇപ്രകാരം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 ലൈസൻസില്ലാതെ വളർത്തു നായകളെ പരിപാലിക്കുന്നത്- ചട്ടവിരുദ്ധം

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്തു പ്രദേശത്ത് പട്ടികളേയോ പന്നികളേയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ല. ചട്ടം 4(1) പ്രകാരം അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഏതൊരാളും ഗ്രാമപഞ്ചായത്തിന്റ ലൈസൻസിനായി അതിന്റെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചുകൊണ്ട് 10 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ചട്ടം 4(2) പ്രകാരം പട്ടിയോ പന്നിയോ കൈയ്യിൽ വന്നു ചേർന്ന് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ആകെ വളർത്തു നായ്ക്കളുടെ എണ്ണം 892 ആണ്. ഇതിൽ 304 എണ്ണത്തിനു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.08/16.12.2021 ന്റെ മറുപടിയിൽ 2019-20 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയതും പുതിയതായി ലൈസൻസ് എടുത്തതുമായ നായ്ക്കളുടെ ക്രമപ്പെടുത്തിയ ലിസ്റ്റ് ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയത് ക്രോഡീകരിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന മറുപടി അംഗീകരിക്കാനാവില്ല. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധക്ഷണിക്കുന്നു.

## 1-15 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 266, 1999ലെ കേരള പഞ്ചായത്തിരാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ)ചട്ടങ്ങൾ,ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2)പ്രകാരമുള്ള രജിസ്ട്രഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ചാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.41/23.12.2021ന് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. കിഴുവിലം ഗ്രാമപഞ്ചായത്തിലെ സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപനത്തിന്റെ രജിസ്റ്ററിൽ 2017-18 ൽ 2 സ്ഥാപനവും 2018-19 ൽ 1 സ്ഥാപനവും രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 2019-20 ൽ 1 സ്ഥാപനവും രജിസ്റ്റർ ചെയ്തിട്ടില്ല. സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ ആർ.വി ഹോസ്പ്പിറ്റൽ,മുഷ്ത്തഖ് അഹമ്മദ് ചാരിറ്റബിൾ ട്രസ്റ്റ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് 2019-20 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 44/23.12.21 ന് മറുപടി ലഭ്യമാക്കിയില്ല. രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ടവിരുദ്ധമാണ്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി-രണ്ടാം അർദ്ധവർഷം വരുമാനത്തിൽ ഗണ്യമായ കുറവ്.

കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരം ഒന്നാം അർദ്ധവർഷം ആകെ വരവ് 5,49,430/- രൂപയും, രണ്ടാം അർദ്ധവർഷം 4,15,410/- രൂപയുമാണ്. ഈ രീതിയിൽ രണ്ട് അർദ്ധവർഷങ്ങൾ തമ്മിൽ വരവിനത്തിൽ 1,34,020/- രൂപയുടെ വ്യത്യാസം (24%) വരാനുള്ള കാരണങ്ങൾ താഴെ പറയുന്നു.

1.സ്റ്റേറ്റ്മെന്റ് പ്രകാരം, ശ്രീചിത്രാ പബ്ലിക് സ്കൂൾ, ചിറയിൻകീഴ് 16,360/- രൂപയും, ശ്രീഗോകുലം പബ്ലിക് സ്കൂൾ, കിഴുവിലം, 40,410/- രൂപയും, ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി അടച്ചിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷം ടി സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിട്ടില്ല.

2.തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരം 'Profession Tax Others-Collection. ഒന്നാം അർദ്ധവർഷം 1,27,030/- രൂപയും, രണ്ടാം അർദ്ധവർഷം 51,490/- രൂപയുമാണ്. ഈ രീതിയിൽ രണ്ട് അർദ്ധവർഷങ്ങൾ തമ്മിൽ വരവിനത്തിൽ 75,540/- രൂപയുടെ വ്യത്യാസം (59%) ഉണ്ട്.

3. ഒന്നാം അർദ്ധവർഷം 2,500/- രൂപ തൊഴിൽ നികുതി അടച്ച KSEB ഇലക്ട്രിക്കൽ സെക്ഷൻ രണ്ടാം അർദ്ധവർഷം നികുതി അടച്ചിട്ടില്ല.
ഈ രീതിയിൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടയ്ക്കാത്തതിന്റെ കാരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.36 ന് മറുപടി ലഭ്യമായിട്ടില്ല. വസ്തു നികുതി 100% പിരിച്ചെടുത്ത സാഹചര്യത്തിൽ തൊഴിൽ നികുതി വരുമാനത്തിൽ ഗണ്യമായ കുറവു വന്നത്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ വീഴ്ചയാണ്.

## 1-18 തൊഴിൽ നികുതി-അപാകങ്ങൾ

കിഴുവിലം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ്, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. SSMHSS എന്ന സ്ഥാപനത്തിലെ 50 ജീവനക്കാർ 2018-19 വർഷം തൊഴിൽ നികുതി അടച്ചെങ്കിലും, തൻവർഷം, 39 പേർ മാത്രമേ നികുതി അടച്ചിട്ടുള്ളു. ടി വ്യക്തികളുടെ അടിസ്ഥാനശമ്പളം മാത്രമേ വരുമാനമായി കാണിച്ചിട്ടുള്ളു. തുച്ഛമായ തുകയാണ് അടിസ്ഥാന ശമ്പളമായി കാണിച്ചിട്ടുള്ളത്. ഉദാഹരണമായി പ്രിൻസിപ്പലിന്റെ അടിസ്ഥാനശമ്പളമായി 12,300/- രൂപയാണ് കാണിച്ചിട്ടുള്ളത്.
2. തൊഴിൽ നികുതി രജിസ്റ്റർ പേജ് നം.55 പ്രകാരം, ഭാരത് ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിലെ ഡോ.ചന്ദ്രകുമാർ

(ആയുർവേദഡോക്ടർ)750/-രൂപയാണ് അർദ്ധവർഷ തൊഴിൽ നികുതി അടച്ചിട്ടുള്ളത്. ചട്ടം3(2) പ്രകാരം, ഡോക്ടർ 1,250/- രൂപയാണ് അടയ്ക്കേണ്ടത്.

3. KSEB ഇലക്ട്രിക്കൽ സെക്ഷൻ എന്ന സ്ഥാപനത്തിൽ 2018-19 വർഷം കാഷ്യർ, ഓവർസീയർ, LMI, EWഎന്നിങ്ങനെ 4 ജീവനക്കാർ തൊഴിൽ നികുതി അടച്ചെങ്കിലും, 2019-20 ഒന്നാം അർദ്ധവർഷം LMI, EW എന്നിങ്ങനെ രണ്ടു പേർ മാത്രമേ നികുതി അടച്ചിട്ടുള്ളു. രണ്ടാം അർദ്ധവർഷം ആരും നികുതി അടച്ചിട്ടില്ല.

4. 2018-19വർഷം പനോഗ്യാ സ്കൂൾ എന്ന സ്ഥാപനം, തൊഴിൽ നികുതി അടച്ചെങ്കിലും 2019-20 വർഷം ടി സ്ഥാപനം രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ടി അപാകങ്ങൾക്ക് വിശദീകരണം, ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.40 ന് മറുപടി കിട്ടിയില്ല.

## 1-19 പിഴപ്പലിശ ഈടാക്കിയതിൽ കുറവ്.

മരാമത്തു പ്രവൃത്തികളുടെ നടത്തിപ്പിനായി കരാറുകാരുമായി ഒപ്പുവയ്ക്കുന്ന ഉടമ്പടിയുടെ ഖണ്ഡിക 7 പ്രകാരം, പണി പൂർത്തിയാകാൻ വരുന്ന കാലതാമസത്തിന്, മൂന്നുമാസം വരെ, കരാർ തുകയുടെ ഒരു ശതമാനം പിഴ ഈടാക്കാനും, പിന്നീട് ഓരോ മൂന്നുമാസത്തിനും, PAC യുടെ 2% വീതം പിഴ ചുമത്താനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ താഴെ കാണുന്ന പ്രവൃത്തികൾക്ക് എല്ലാം തന്നെ കാലതാമസം കണക്കാക്കാതെ 2% നിരക്കിലാണ് പിഴ ഈടാക്കിയിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തിയുടെ നം., പേര്, | ഈടാക്കിയ പിഴപ്പലിശബിൽ നം /തീയതി | PAC തുക (രൂ) | പ്രവൃത്തി തുടങ്ങിയ തീയതി | പ്രവൃത്തിപൂർത്തിയായ തീയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തീയതി |
|---|---|---|---|---|---|---|
| 1 | 14/18 പുളിത്തറ കോളനി നടപ്പാത കോൺക്രീറ്റിംഗ്. | 3981 2/14-5-19 | 199266 | 30/8/17 | 26/3/19 | 30/11/17 |
| 2 | 55/കല്യാണിക്കവിള ലക്ഷം വീട് കിണർ നവീകരണം. | 727 32/21-3-20 | 27583 | 27/7/18 | 22/10/19 | 27/10/18 |
| 3 | 191,ഡീസന്റ് മുക്ക് ഓടയും സ്ലാബും, | ൨/19-20 /12-7-19 | 53610 | 2/3/29 | 22/10/19 | 27/10/18 |
| 4 | 93വലിയേല കോളനി റോഡ് കോണ്ക്രീറ്റിംഗ്. | 6118 25/26-2-20 | 305875 | 18/7/18 | 27/11/19 | 18/10/18 |
| 5 | 189.വൈദ്യന്റെ മുക്ക് തച്ചക്കുടി റോഡ് മെയിന്റനൻസ് | 9600 29/13-3-20 | 240916 | 1/10/18 | 20/12/19 | 1/1/19 |
| 6 | 142,തിട്ടയിൽ മുക്ക്- ഇടമന റോഡ് റീടാറിംഗ് | 3833 1/14-5-19 | 314464 | 3/1/18 | 29/3/19 | 3/4/18 |
| 7 | 186,MM നഗർ ലാത്തറ റോഡ് റീടാറിംഗ്. | 3934 21/20-1-20 | 196701 | 27/12/19 | 9/12/19 | 29/5/19 |
| | | | | | | |

പരിചയക്കുറവു കൊണ്ടാണ് ഇപ്രകാരം കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കുവാൻ ഇടയായത് എന്ന് ഓഡിറ്റ് എൻക്വയറി നം.31.ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി. വരും വർഷങ്ങളിൽ കരാർ പ്രകാരം പിഴപ്പലിശ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2019-20 വർഷത്തേയ്ക്ക് FACTEOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 42/23.12.2021 ന് മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി

ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2019-20വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.42/23.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാരുടെ വിവരം ലഭ്യമാക്കിയിട്ടില്ല. കരാറുകാർ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-22 വെള്ളക്കരം-സംയുക്ത പരിശോധന-നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രതിമാസം 1,45,688/-രൂപ, വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു. ആകെ333 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന്, ഓഡിറ്റ് എൻക്വയറി നം.4ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ 29-10-19 ൽ പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുത്തുവെങ്കിലും,ആയതു നടപ്പിലായിട്ടില്ല. സർക്കാർഉത്തരവ് നം.2242/11/എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 1-23 തുറസായ കിണർ ശുചിത്വ കിണറാക്കൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

| ക്രമ നം | A | B |
|---|---|---|
| പ്രോജക്ട് നം | SO210/20 | SO024/20 |
| പ്രോജക്ടിന്റെ പേര് | തുറസായ കിണർ ശുചിത്വ കിണറാക്കൽ-പട്ടിക ജാതി<br>സ്പിൽ ഓവർ | തുറസായ കിണർ ശുചിത്വ കിണറാക്കൽ-പട്ടിക ജാതി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 228218വി.ഫ. | 202353വി.ഫ. |
| ചെലവ് | 140000 | 30000 |

തുറസ്സായ കിണർ ചുറ്റുമതിൽ കെട്ടി, ശുചിത്വ കിണറാക്കി മാറ്റുന്നതിനാണ് ഡി.പി.സി. അംഗീകാരം നേടിയ മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)അംഗീകൃത പ്രോജക്ട് നം(A) ൽ 60 കുടുബങ്ങൾക്കും പ്രോജക്ട് നം(B) ൽ 21 കുടുംബങ്ങൾക്കുമാണ് പദ്ധതി തുക വകയിരുത്തിയിരുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട യഥാക്രമം 14 കുടുംബങ്ങൾക്കും 3 കുടുംബങ്ങൾക്കും മാത്രമാണ് 2019-20 വർഷം പദ്ധതി തുക അനുവദിച്ച് നൽകിയത്.

2)പ്രോജക്ട് നം.(A)യുടെ ഗുണഭോക്താവായ ശ്രീ.സത്യൻ(ശ്രീമതി.സുഭദ്ര) സമർപ്പിച്ച കമ്മ്യൂണിറ്റ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/21.12.2021 ന് ലഭിച്ച മറുപടിയിൽ സബ്സിഡി ധനസഹായത്തുക കുറവായതിനാലാണ് ഗുണഭോക്താക്കൾ കരാർ ചമയ്ക്കുന്നതിന് തയ്യാറാകാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി ഗുണഭോക്താവായ ശ്രീ.സത്യൻ സമർപ്പിച്ച കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഓഫീസ് മാറ്റത്തെത്തുടർന്ന് നഷ്ടപ്പെട്ടുവെന്നും ആയത് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലെയും ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെയും വീഴ്ചകൾ കാരണമാണ് പദ്ധതി തുക ചെലവഴിക്കുന്നതിൽ മേൽ അപാകം സംഭവിച്ചത്. പദ്ധതി ആസൂത്രണം കാര്യക്ഷമമാക്കുന്നതിനും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പദ്ധതി മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും

പാലിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മേൽക്കൂര പുതുക്കി പണിയൽ - സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതികൾ നടപ്പാക്കി

| പ്രോജക്ട് നം | SO167/20 | SO262/20 |
|---|---|---|
| പ്രോജക്ടിന്റെ പേര് | മേൽക്കൂര പുതുക്കി പണിയൽ എസ്.സി | മേൽക്കൂര പുതുക്കി പണിയൽ ജനറൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 550000(വി.ഫ.) | 264300(ത.ഫ.) |
| ചെലവ് | 450000 | 171700 |

കാലപ്പഴക്കം ചെന്ന വീടുകളുടെ മേൽക്കൂരമാറ്റി സ്ഥാപിക്കുന്നതിനായാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത് . പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)പദ്ധതികൾ സ്പിൽ ഓവർ പ്രോജക്ടുകളായാണ് നടപ്പാക്കിയത്. എന്നാൽ പദ്ധതി തുകകൾ പൂർണമായും ചെലവഴിച്ചിട്ടില്ല. പദ്ധതികളുടെ തുക അനുവദിച്ചത് സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തിയ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുൻവർഷങ്ങളിലെയും പദ്ധതി പൂർത്തീകരണത്തിന്റെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)സബ്സിഡി മാർഗരേഖ പ്രകാരം 100 ച.മീറ്ററിലധികം വിസ്തീർണമുള്ള വീടുകൾക്ക് മേൽ ആനുകൂല്യത്തിന് അർഹതയില്ല. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം. ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച നൽകിയ താമസ സാക്ഷ്യപത്രത്തിൽ വീടിന്റെ വിസ്തീർണം വ്യക്തമാക്കിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും മുൻ വർഷങ്ങളിൽ ധനസഹായം ലഭിച്ചിട്ടില്ലായെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/21.12.2021 ന് ലഭിച്ച മറുപടിയിൽ പദ്ധതി 2020-21 വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും കെട്ടിടങ്ങളുടെ വിസ്തീർണം സംബന്ധിച്ച വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ തുക നൽകിയതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം സ്പിൽ ഓവർ പദ്ധതികൾ അതത് വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായും പരിപാലിക്കേണ്ടതുമാണ്.

## 1-25 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ അപാകങ്ങൾ

| പ്രോജക്ട് നം | SO027/20 |
|---|---|
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ-പട്ടിക ജാതി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 890000(വി.ഫ.ജ-100001/- എസ്.സി.പി -2448013/-ത.ഫ 1987/-) |
| ചെലവ് | 890000(100000+790000) |

ഗ്രാമപഞ്ചായത്തിലെ നിലവിൽ വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധന സഹായം നൽകുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) പ്രോജക്ട് പ്രകാരം 17 കുടംബങ്ങൾക്കാണ് പദ്ധതി തുക വകയിരുത്തിയിരുന്നത്. എന്നാൽ 10 കുടുംബങ്ങൾ മാത്രമാണ് 2019-20 വർഷം ഗ്രാമപഞ്ചായത്തുമായി പദ്ധതി കരാർ ചമച്ചത് പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടുള്ളത്.

2)സബ്സിഡി മാർഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ചു നൽകി. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ താമസ സാക്ഷ്യപത്രത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ

കണ്ടെത്തി.

| ക്രമ നം | കെട്ടിട നം | ഗുണഭോക്താവ് | അപാകത |
|---|---|---|---|
| 1 | 8/431 A | ശൈലജ കുമാരി. ബി സന സദനം,പുകയിലത്തോപ്പ്,കുറക്കട, | സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചത് 2019 ഒന്നാം അർദ്ധ വർഷം മുതലാണ്.ആയതിനാൽ കെട്ടിടത്തിന്റെ കാലപ്പഴക്കം 8 വർഷത്തിൽ കുറവാണ്. |
| 2 | 9/285 A | ഉഷ.എൽ ,നീതു ഭവൻ,കിഴുവിലം,കിഴുവിലം | സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചത് 2014 ഒന്നാം അർദ്ധ വർഷം മുതലാണ്.ആയതിനാൽ കെട്ടിടത്തിന്റെ കാലപ്പഴക്കം 8 വർഷത്തിൽ കുറവാണ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/21.12.2021 ന് ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾ യഥാസമയം രേഖകൾ ഹാജരാക്കാത്തതിനാലാണ് പദ്ധതി തുക ചെലവഴിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും, ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച താമസ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നുമാണ് അറിയിച്ചിട്ടുള്ളത്. പ്രോജക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതി മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കി അർഹരായ ഗുണഭോക്തകാക്കൾക്ക് മാത്രമായി പദ്ധതി തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കെട്ടിടത്തിന്റെ കാലപ്പഴക്കം സംബന്ധിച്ച വിഷയത്തിൽ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 വീടിന്റെ മേൽക്കൂര മാറ്റി പുതിയത് നിർമ്മിക്കൽ അപാകങ്ങൾ

| ക്രമ നം | A | B |
|---|---|---|
| പ്രോജക്ട് നം | SO054/20 | SO056/20 |
| പ്രോജക്ടിന്റെ പേര് | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ | പട്ടിക ജാതിക്കാർക്കുള്ള മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 1500000(വി.ഫ.1200000/- ത.ഫ 300000/-) | 3200000(വി.ഫ.3160000/- ത.ഫ 40000/-) |
| ചെലവ് | 1110000(വി.ഫ) | 2150000(വി.ഫ) |

കാലപ്പഴക്കം ചെന്ന വീടുകളുടെ മേൽക്കൂരമാറ്റി സ്ഥാപിക്കുന്നതിനായാണ് ഡി.പി.സി. അംഗീകാരം നേടി മേൽ പദ്ധതികൾ വിഭാവനം ചെയ്തത് . പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗരേഖ പ്രകാരം 100 ച.മീറ്ററിലധികം വിസ്തീർണമുള്ള വീടുകൾക്ക് മേൽ ആനുകൂല്യത്തിന് അർഹതയില്ല. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം. ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച നൽകിയ താമസ സാക്ഷ്യപത്രത്തിൽ വീടിന്റെ വിസ്തീർണം വ്യക്തമാക്കിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും മുൻ വർഷങ്ങളിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)പ്രോജക്ട് നം (A) പ്രകാരമുള്ള പദ്ധതിയുടെ ആദ്യ ഗഡു തുകയായ 35,000/- രൂപ കൈപ്പറ്റിയ ശ്രീമതി.ലളിത എ.എൽ, പോളയത്ത് വീട്, പാലകുന്ന് എന്ന വ്യക്തി പദ്ധതി നാളിതുവരെ പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/21.12.2021 ന് ലഭിച്ച മറുപടിയിൽ കെട്ടിടത്തിന്റെ വിസ്തീർണം സംബന്ധിച്ച വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റിയ ശ്രീമതി.ലളിത കരാർ വ്യവസ്ഥ പ്രകാരം പണി പൂർത്തിയാക്കാത്തതിനാൽ ധനസഹായം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്(27.08.2020 ലെ II/2 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം). ധനസഹായം തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി - കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചു

ലൈഫ് ഭവന പദ്ധതിയുടെ താഴെപ്പറയുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ പദ്ധതി

പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ലൈഫ് ഐ.ഡി | പേര് | വിലാസം | വിഭാഗം | കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|---|---|
| 1 | 852919 | വെറോണിക്ക | വാറുവിള വീട് , പറയത്തുകോണം, കിഴവിലം | ലൈഫ് ജനറൽ | 05.01.2019 | 40000 |
| | | | | | 11.10.2019 | 160000 |
| 2 | 766077 | വിജയമ്മ | പത്തവിള വീട് ,കാട്ടുംപുറം, കിഴവിലം | ലൈഫ് എസ്.സി.പി | 20.08.2018 | 40000 |
| 3 | രേഖപ്പെടുത്തിയിട്ടില്ല | രാഗിണി | ഒരുപറതിട്ട വീട്, കുന്തള്ളൂർ, ചിറയിൻകീഴ് | ലൈഫ് എസ്.സി.പി | 19.03.2019 | 40000 |
| | | | | | 27.08.2019 | 160000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/21.12.2021 ന് ലഭിച്ച മറുപടിയിൽ പദ്ധതിയുടെ ആദ്യ ഗഡുകൾ കൈപ്പറ്റിയ ക്രമ നമ്പർ 1, 2 പ്രകാരമുള്ള ഗുണഭോക്താക്കൾ കരാർ വ്യവസ്ഥ പ്രകാരം പദ്ധതി പൂർത്തിയാക്കാത്തതിനാൽ ധനസഹായം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് (27.08.2020 ലെ II/3, II/4ലെ നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ). ക്രമനമ്പർ 3 പ്രകാരമുള്ള ഗുണഭോക്താവ് പദ്ധതി നാളിതവരെ പൂർത്തീകരിച്ചിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-28 ഇ.എം.എസ്.ഭവന പദ്ധതി - ലോൺ അക്കൗണ്ട് നിലനിർത്തിയിരിക്കുന്നു.

കിഴവിലം സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ.11054 പ്രകാരമുള്ള ഇ.എം.എസ്.ഭവന പദ്ധതിയുടെ ലോൺ അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്യാതെ നിലനിർത്തിയിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/21.12.2021 ന് ലഭിച്ച മറുപടിയിൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് വി.ഇ.ഒ ഓഫീസിൽ നിന്നും ഗ്രമപഞ്ചായത്തിൽ വിവിധ സമയങ്ങളിൽ കത്ത് നൽകിയെന്നും, സർക്കാരിൽ നിന്നും ലഭിക്കേണ്ട പലിശത്തുക ലഭിക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 കിണർ റീചാർജ്ജിംഗ് പദ്ധതി വ്യക്തമായ ആസൂത്രണമില്ലാതെ നടപ്പിലാക്കി

കിണർ റീചാർജ്ജിംഗ് പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും പ്രചരിപ്പിക്കുന്നതിലും ജല സ്രോതസ്സുകൾ സംരക്ഷിച്ച് ജല സുരക്ഷ ഉറപ്പാക്കുന്നതിലും പദ്ധതി ലക്ഷ്യം പൂർത്തികരിക്കുന്നതിലും പരാജയപ്പെട്ടു. ഫയൽ പരിശോധിച്ചതിൽ വിവിധ തല പ്രചാരണ അവബോധ പരിപാടികൾ, പദ്ധതി മോണിറ്ററിംഗ് വിവിധ തലങ്ങളിൽ നടപ്പാക്കുക, വാർഡ് തലത്തിൽ കിണർ സർവ്വേ എന്നിവ നടപ്പിലാക്കിയതിന്റെ രേഖകൾ ലഭ്യമല്ല. 2018-19 ൽ നടപ്പിലാക്കിയ പദ്ധതിയിൽ ഗുണഭോക്താക്കൾ കുറവായിരുന്നിട്ടും 2019-20 ൽ വീണ്ടും വ്യക്തമായ പദ്ധതി പ്രചാരണ അവബോധ പരിപാടികൾ നടത്താതെ നടപ്പിലാക്കി. (ഓഡിറ്റ് എൻക്വയറി നമ്പർ 25/20.12.21). പദ്ധതിപ്പണം പാഴാക്കാതെ പദ്ധതികൾ ആസൂത്രണം ചെയ്യാനും, അവ കൃത്യമായി നടപ്പാക്കാനും, ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ ശ്രദ്ധിക്കേണ്ടതാണ്.

1) പ്രൊജക്റ്റ് നമ്പർ : 33/20-പൊതുവിഭാഗം

അടങ്കൽ തുക : 40,000/- (വികസന ഫണ്ട്,എസ്.ഡി.പി, ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ)

ചെലവ് തുക : 16,000/-

(7200/-പ്ലാൻ ഫണ്ട്, 2880/- ബ്ളോക്ക് വിഹിതം, 4320/-ജില്ലാ പഞ്ചായത്ത് വിഹിതം, 1600/-ഗുണഭോക്തൃ വിഹിതം )

കിണർ റീചാർജ്ജിംഗ് പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ 75 പേർ ഉൾപ്പെട്ടിരുന്നു. പദ്ധതി വിഭാവനം ചെയ്തത് 5 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടാണ്. എന്നാൽ പദ്ധതി പൂർത്തികരിച്ചപ്പോൾ 2 ഗുണഭോക്താക്കൾക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളു.

2) പ്രൊജക്റ്റ് നമ്പർ : 204/20-പൊതുവിഭാഗം (SO)

അടങ്കൽ തുക : 15,88,320/- (വികസന ഫണ്ട്, ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ)

ചെലവ് തുക : 4,320/- ( 4320/-ജില്ലാ പഞ്ചായത്ത് വിഹിതം )

കിണർ റീചാർജ്ജിംഗ് പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ 169 പേർ ഉൾപ്പെട്ടിരുന്നു. 2 ഗുണഭോക്താക്കൾക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളൂ. 20.12.2021ലെ ഓഡിറ്റ് എൻക്വയറി നം.25/21ന്റെ മറുപടിയിൽ 2018-19 സാമ്പത്തിക വർഷം പഞ്ചായത്ത് വിഹിതമായ 4,320/- രൂപ പഞ്ചായത്ത് അക്കൌണ്ടിൽ ലഭ്യമാക്കാത്തതിനാൽ 2019-20 സാമ്പത്തിക വർഷം പദ്ധതി സ്പിൽഓവറായി മാറി നൽകേണ്ടി വന്നതായി അറിയിച്ചിട്ടുണ്ട്. 15,88,320/- രൂപ അടങ്കൽ തുകയായി നിശ്ചയിച്ചിട്ട് ജില്ലാ പഞ്ചായത്ത് വിഹിതമായ 4320/-രൂപ മാത്രം ചെലവഴിച്ചത് പദ്ധതിപ്പണം ചെലവാക്കുന്നതിൽ വന്ന ജാഗ്രതക്കുറവായി വിലയിരുത്തുന്നു. പദ്ധതി പണം ഇത്തരത്തിൽ പാഴാക്കുന്നത് പഞ്ചായത്ത് കമ്മിറ്റികളുടെ ആസൂത്രണ നിർവ്വഹണത്തിലെ പിഴവായി കാണുന്നു.

3) പ്രൊജക്ട് നമ്പർ : 205/20-പട്ടിക ജാതി (SO)

അടങ്കൽ തുക : 4,00,000/- (വികസന ഫണ്ട്, എസ്.ഡി.പി )

ചെലവ് തുക : 0/-

വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രമേ പദ്ധതിയിൽ പേര് ഉൾപ്പെട്ടിരുന്നുള്ളൂ. എന്നാൽ പദ്ധതി നടപ്പായിട്ടില്ല. ഭാവിയിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ അവയുടെ ആസൂത്രണം, ലക്ഷ്യപ്രാപ്തി എന്നിവ കൃത്യമായി വിശകലനം ചെയ്ത് ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-31 കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച്-

2019-20 ൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന സംയുക്ത പ്രോജക്ടുകളിൽ ജില്ലാ പഞ്ചായത്ത്/ബ്ളോക്ക് വിഹിതം എന്നിവ വകയിരുത്തിയിരുന്നുവെങ്കിലും ആയവ ലഭ്യമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി. ചില സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് തുക |
|---|---|---|---|---|
| 72/20 | കേദാരം സമഗ്ര നെൽകൃഷി വികസനം-രണ്ടാം വിള | വികസന ഫണ്ട് | 1107960 | 414350 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 425000 | 0 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 425000 | 0 |
| | | ഗുണഭോക്തൃ വിഹിതം | 360900 | 329700 |
| | | ആകെ | 2318868 | 744050 |
| 165/20 | ജൈവസമൃദ്ധി-ജൈവ പച്ചക്കറികൃഷി(ഗ്രൂപ്പുകൾക്ക്) | വികസന ഫണ്ട് | 40800 | 40800 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 20400 | 0 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 20400 | 0 |
| | | ആകെ | 81600 | 40800 |
| 206/20 | ഹരിത ഭവനം(SO) | വികസന ഫണ്ട് | 350000 | 0 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 350000 | 0 |
| | | ഗുണഭോക്തൃ വിഹിതം | 437000 | 0 |
| | | ആകെ | 1137000 | 0 |

ഓഡിറ്റ് എൻക്വയറി നം.26/20.12.2021 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്ക്റ്റ് 72/20 ൽ ട്രഷറി നിയന്ത്രണങ്ങൾ മൂലം പ്രസ്തുത ബിൽ ക്യൂ ബിൽ ആവുകയും സ്പിൽഓവർ ആവുകയും ചെയ്തു എന്നറിയിച്ചു.

പ്രൊജക്റ്റ് 165/20 ൽ ബ്ളോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമായ ഫണ്ട് വിഹിതം ലഭ്യമായില്ല എന്നാണ് അറിയിച്ചിട്ടുള്ളത് . ബന്ധപ്പെട്ട ഫയലിൽ ബ്ളോക്ക്/ജില്ലാ പഞ്ചായത്തിന്റെ വിഹിതം ആവശ്യപ്പെട്ടുള്ള രേഖകൾ ലഭ്യമല്ല.

പ്രൊജക്റ്റ് 206/20 ൽ താൽപര്യമുള്ള ഗുണഭോക്താക്കളെ ലഭ്യമാകാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാത്തത് എന്നത് അംഗീകരിക്കാനാവില്ല.

സംയുക്ത പ്രൊജക്റ്റ് നടത്തുമ്പോൾ എല്ലാ ഘടകത്തിന്റെയും വിഹിതം യഥാസമയം ആവശ്യപ്പെടേണ്ടതും മുഴുവൻ ഫണ്ടും ഉപയോഗിച്ച് പദ്ധതികൾ കുറ്റമറ്റ വിധം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. ഉല്പാദന മേഖലയിൽ നടപ്പാക്കുന്ന ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മതിയായ തുക വകയിരുത്തുന്നതിനും,ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കാലാവധി കഴിഞ്ഞ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു

ജീവിതശൈലി രോഗ നിയന്ത്രണം എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് 14/2019-2020) രേഖകൾ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്തതായി കാണുന്നു. ഇതു സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ, ഇൻഡന്റ് ബുക്ക് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | ഇനം | മാനുഫാക്ച്ചർ തീയതി | എക്സ്പയറി തീയതി | വിതരണ തീയതി | ബാച്ച് നം. | എണ്ണം | തുക |
|---|---|---|---|---|---|---|---|---|
| 1 | 90128489/ 27.08.19 | ബൃഹത്യാദി കഷായം | 7/2018 | 6/2020 | 10.8.20 | K20-2 | 15 പാക്കറ്റ് | 2900 |
| | | | | | 26.10.20 | | 5 പാക്കറ്റ് | |
| | | | | | 14.12.20 | | 10 പാക്കറ്റ് | |
| 2 | | നിശാ ചൂർണ്ണം | 8/2018 | 7/2020 | 14.12.20 | C43181 | 30 പാക്കറ്റ് | 1050 |
| | | | | | 25.01.21 | | 15 പാക്കറ്റ് | |
| | | | | | 23.02.21 | | 10 പാക്കറ്റ് | |

ഓഡിറ്റ് എൻക്വയറി നം.21/20.12.2021ന് ലഭ്യമാക്കിയ മറുപടിയിൽ 'ബൃഹത്യാദി കഷായം'ധാരയ്ക്കായാണ് ഉപയോഗിച്ചതെന്നും ആയതിന് കാലാവധി പ്രശ്നമല്ല എന്നറിയിച്ചു.'നിശാചൂർണ്ണം' ലേപനത്തിനും അൾസർ കഴുകാനുമാണ് ഉപയോഗിച്ചതെന്നും അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാനാവില്ല. കാലാവധി കഴിയുന്നതിന് മുൻപ് തന്നെ മരുന്നുകൾ ഉപയോഗിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-34 ആയുർവേദ മെഡിക്കൽ ഓഫീസർ-നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. മരുന്നുകൾ വിതരണം നടത്തുന്നതിനായി കരാറിലേർപ്പെട്ടത് ഔഷധിയുമായിട്ടാണ്. എന്നാൽ രേഖകൾ പ്രകാരം ഔഷധി സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കിയില്ല. അറുപത് ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണമെന്ന കരാർ വ്യവസ്ഥ ഔഷധി പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:-

1) പ്രോജക്റ്റ് നം.14/2020 (ജീവിതശൈലി രോഗ നിയന്ത്രണം), അടങ്കൽ 2,00,000/- രൂപ (വികസന ഫണ്ട്) ചെലവ് 2,00,000/- രൂപ,

ബിൽ നം 2/2019-20/ 01.08.19 1,95,000/- രൂപ

ബിൽ നം 8/2019-20/ 20.01.20 4,485/- രൂപ

ഔഷധിയിൽ നിന്ന് 1,95,000/- രൂപക്കാണ് മരുന്ന് വാങ്ങിയത്. 01.08.19 ലാണ് തുക കൈമാറിയത്. ഔഷധി മരുന്ന് നൽകിയത് താഴെ പറയുന്ന തീയതികളിലാണ്.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 04.10.19 | 122489 |
| 04.10.19 | 17174 |
| 05.12.19 | 48849 |
| 13.12.19 | 6488 |
| ആകെ | 195000 |

2) 1) പ്രോജക്ട് നം.15/2020 (ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ), അടങ്കൽ 10,00,000/- രൂപ (മെയിന്റനൻസ് ഫണ്ട്)

ചെലവ് 10,00,000/- രൂപ,

ബിൽ നം 3/2019-20/ 08.08.19 10,00,000/-

ഔഷധിയിൽ നിന്നാണ് 10,00,000/- രൂപക്ക് മരുന്ന് വാങ്ങിയത്. 08.08.19 ലാണ് തുക കൈമാറിയത്. ഔഷധിയിൽ നിന്ന് സമയബന്ധിതമായി മരുന്ന് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 04.10.19 | 129970 |
| 04.10.19 | 55692 |
| 11.10.19 | 403934 |
| 31.10.19 | 139181 |
| 07.12.19 | 81242 |
| 13.12.19 | 152730 |
| 30.01.20 | 21200 |
| 15.02.20 | 16052 |
| ആകെ | 1000000 |

2. ഔഷധിയുമായി കരാർ ചമച്ചിരിക്കുന്നത് മുദ്രപത്രത്തിലല്ല. കരാർ വ്യവസ്ഥകൾ പൂർണ്ണമല്ല. കരാറിൽ പ്രോജക്റ്റ് വിവരങ്ങൾ ലഭ്യമല്ല. ചില പദ്ധതികളിൽ കരാർ ചമച്ചിരിക്കുന്നത് തുക കൈമാറിയതിനു ശേഷമാണ്. ഉദാ:- പ്രോജക്ട് നം 14/2020 (ജീവിതശൈലി രോഗ നിയന്ത്രണം), അടങ്കൽ 2,00,000/- രൂപ (വികസന ഫണ്ട്) തുക കൈമാറിയത് 23.08.2019 ലും കരാറിലേർപ്പെട്ടത് 25.09.2019 ലുമാണ്. കരാർ നിയമങ്ങൾക്ക് അനുസൃതമായി കരാറിൽ ഏർപ്പെട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്തില്ല

2019-20 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് നം.60/20 പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 3,00,000/-രൂപ കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴ എന്ന സ്ഥാപനത്തിന് ബിൽ നമ്പർ 1/2019-20, 19/09/2019 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം മരുന്ന് ലഭ്യമായതിന് കാലതാമസം നേരിട്ടതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹോംകോയ്ക്ക്-തുക കൈമാറിയ തീയതി, തുക | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള കൈപറ്റ് തീയതി | ഹോംകോ ഇൻവോയിസ് തീയതി | തുക |
|---|---|---|---|---|
| 1 | 19/09/2019, | 29/01/2020 | 27/01/2019 | 200615 |

| | | | | |
|---|---|---|---|---|
| 2 | 300000/- | 14/09/2020 | 08/09/2020 | 16301 |
| 3 | | 5/10/2020 | 30/09/2020 | 83084 |
| | | | ആകെ | 300000 |

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 അങ്കണവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 30 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നു. ഇവയുടെ ഭൗതീക സാഹചര്യങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10) നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | അടിസ്ഥാന സൌകര്യങ്ങൾ | വിശദാംശങ്ങൾ (അങ്കണവാടി നം.) |
|---|---|---|
| 1 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം | 12 (71,77,78,79,81,82, 84,86,87,91,96,99) |
| 2 | കിണർ ഉള്ള അങ്കണവാടികൾ | 20 |
| | ഇവയിൽ കുടിവെള്ള കണക്ഷൻ ഉള്ളവ | 17 |
| 3 | കുടിവെള്ള കണക്ഷൻ ഇല്ലാത്തവ | ഇല്ല |
| 4 | ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള അങ്കണവാടികൾ | 30 (അവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല) |
| 5(എ) | ചുറ്റുമതിൽ ഇല്ലാത്തവ (സ്വന്തം കെട്ടിടം) | 6 (72,73,80,88,89,93) |
| 5(ബി) | ചുറ്റുമതിൽ ഇല്ലാത്തവ (വാടക കെട്ടിടം) | 3 (77,81,84) |

തൻവർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം 14 ആണ്. സ്റ്റാറ്റസ് റിപ്പോർട്ടിൽ അങ്കണവാടികൾക്ക് സ്വന്തം കെട്ടിടത്തിനുള്ള തുക വാർഷിക പദ്ധതിയിൽ വകയിരുത്തുകയും കെട്ടിടനിർമാണത്തിനുള്ള ധനസഹായത്തിനു സർക്കാർ തലത്തിൽ ആവശ്യപ്പെടുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അങ്കണവാടി മോണിട്ടറിംഗ് കമ്മറ്റി മിനിട്ടസ് പരിശോധിച്ചതിൽ ഇതു സംബന്ധിച്ച് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03-09-2020ലെ 39033/DC2/2010നമ്പർ ഉത്തരവു പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനും, സുരക്ഷിതത്വ സംവിധാനം ഏർപ്പെടുത്തുവാനും പഞ്ചായത്തു സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സർക്കാർ ചുവടെച്ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപ്പണികൾ ഏപ്രിൽ, മെയ് മാസങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്.

2) വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റുമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3) വാടകയ്ക്കു പ്രവർത്തിച്ചുവരുന്ന സെന്ററുകൾ (12എണ്ണം) ഭൗതീക സൌകര്യങ്ങളുള്ള സുരക്ഷിതത്വമുള്ള കെട്ടിടങ്ങളിൽ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ.

തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ എന്നിവരടങ്ങിയ അങ്കണവാടി മോണിട്ടറിംഗ് കമ്മറ്റി (ALMSC) അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തേണ്ടതും, പരിഹാര നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-37 പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. എ) കുടുംബസംഗമം

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പാലിയേറ്റീവ് കെയർ |

| | |
|---|---|
| പ്രോജക്ട് നം | 1 |
| അടങ്കൽ തുക | 18,00,000/- (1116045(പൊതു)+683955(തനതു)) |
| ചെലവ് തുക | 17,82,142/- (1106219(പൊതു )+675923(തനതു)) |
| നിർവഹണ ഉദ്യോഗസ്ഥൻ | പി.എച്ച്.സി മെഡിക്കൽ ഓഫീസർ |

29/02/20ൽ പാലിയേറ്റീവ് കെയർ കുടുംബസംഗമം സംഘടിപ്പിക്കുകയും ഇതിനായി 20,000/-രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 29-10-15ലെ 3217/2015തസ്വഭവ (സാധാ) നം. സർക്കാർ ഉത്തരവിലെ ഖണ്ഡിക 2.6.13(1) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഹോംകെയർ ടീമംഗങ്ങളുടേയും വാർഷിക സംഗമം ആർഭാടരഹിതമായി സംഘടിപ്പിക്കാവുന്നതും സംഗമം നടത്തിപ്പിലേക്കായി പരമാവധി 3,000/-രൂപ ചെലവഴിക്കാവുന്നതാണെന്നും കൂടുതൽ തുക വേണ്ടിവന്നാൽ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായി നടത്തിയ പാലിയേറ്റീവ് കുടുംബസംഗമത്തിന് 20,000/-രൂപ ചെലവായിട്ടുണ്ട്.

പാലിയേറ്റീവ് രോഗികളുടേയും കുടുംബാംഗങ്ങളുടേയും ഹോംകെയർ ടീമംഗങ്ങളുടേയും വാർഷിക സംഗമം ആർഭാടരഹിതമായി മിതത്വം പാലിച്ച് നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബി) മെഡിക്കൽ എക്വിപ്മെന്റ്സ് രജിസ്റ്റർ പരിപാലിക്കുന്നില്ല

29/02/20ൽ സംഘടിപ്പിച്ച പാലിയേറ്റീവ് കെയർ കുടുംബസംഗമത്തിൽ കിടപ്പു രോഗികൾക്കും അവശത അനുഭവിക്കുന്നവർക്കുമായി സ്വകാര്യവ്യക്തികൾ സ്പോൺസർ ചെയ്ത് നല്കിയ മെഡിക്കൽ ഉപകരണങ്ങൾ (വീൽ ചെയർ, വാക്കിംഗ് സ്റ്റിക്ക് മുതലായവ) അർഹതപ്പെട്ടവർക്ക് വിതരണം ചെയ്തതായി 18/03/20ലെ പാലിയേറ്റീവ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ എക്വിപ്മെന്റ്സിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തന്മൂലം ലഭിച്ച ഉപകരണങ്ങളുടെ ഇനം, വിതരണം മുതലായ വിവരങ്ങൾ ലഭ്യമല്ല. ആയതു സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് (നം.23) ഭാവിയിൽ രജിസ്റ്റർ പരിപാലിക്കുന്നതാണെന്ന് മറുപടി നല്കി. പാലിയേറ്റീവ് കെയർ പദ്ധതിക്കായി വാങ്ങുന്നതും സ്പോൺസർഷിപ്പിലൂടെ ലഭിക്കുന്നതുമായ എല്ലാ മെഡിക്കൽ ഉപകരണങ്ങളും സ്റ്റോക്കിലെടുത്ത് വിതരണ വിവരങ്ങൾ സഹിതം സൂക്ഷിക്കേണ്ടതാണ്.

സി) ഹോംകെയർ നേഴ്സിന് യാത്രാബത്ത

07/03/19 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.553/2019/തസ്വഭവ ഖണ്ഡിക2.13.10പ്രകാരം ആരോഗ്യവകുപ്പും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടത്തുന്ന യോഗങ്ങളിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. തൻവർഷം പാലിയേറ്റീവ് നേഴ്സിന് യാത്രാബത്തയിനത്തിൽ 11 മാസത്തേക്ക് 2,250/-രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്. ഓരോ മാസവും വ്യത്യസ്ഥ നിരക്കിലാണ് യാത്രാബത്ത അനുവദിച്ചിട്ടുള്ളത്. യോഗങ്ങളിൽ പങ്കെടുത്തതിനാണ് യാത്രാബത്ത അനുവദിച്ചതെങ്കിൽ യാത്രയുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഹോംകെയർ നേഴ്സിന് യാത്രാബത്ത അനുവദിക്കുമ്പോൾ ടൂർ ഡയറി ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2. പാലിയേറ്റീവ് ഹോംകെയർ ആംബുലൻസ് പരിപാലനം തൃപ്തികരമല്ല

ഹോംകെയർ ആംബുലൻസ് (KL-01-CB-3776) ന്റെ അറ്റകുറ്റപ്പണികൾക്കും ഇന്ധനം നിറച്ചതിനും ചെലവു വന്നിട്ടുണ്ടെങ്കിലും ഇന്ധന രജിസ്റ്റർ, റിപ്പയർ & മെയിന്റനൻസ് രജിസ്റ്റർ, പൊല്യൂഷൻ ടെസ്റ്റ്, ഫിറ്റ്നെസ് ടെസ്റ്റ് സാക്ഷ്യപത്രങ്ങൾ ഇവയൊന്നും പരിശോധനയ്ക്കു ലഭ്യമാക്കിയില്ല. ആയതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/20-12-2021) പ്രസ്തുത രേഖകൾ ഇനിമുതൽ പരിപാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആംബുലൻസ് പരിപാലനവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37-1 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -ചെലവു തുക 5,71,000/-രൂപ തടസ്സപ്പെടുത്തുന്നു

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കുലഭ്യമാക്കിയില്ല

എ)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സുരക്ഷ |
| പ്രോജക്ട് നം | 64 |
| അടങ്കൽ / ചെലവ് തുക | 200000/- (തനതുഫണ്ട്) |
| വൌച്ചർ നം./തീയതി | 21900769/20-11-19 |

| | |
|---|---|
| ബിൽ നം/തീയതി | 17/19-20/26-11-19 |

ബി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആരോഗ്യ ഭവനം |
| പ്രോജക്റ്റ് നം | 66 |
| അടങ്കൽ / ചെലവ് തുക | 371000/- (തനതുഫണ്ട്) |
| വൌച്ചർ നം./തീയതി | 21901192/26-03-20 |
| ബിൽ നം/തീയതി | 27/19-20/27-03-20 |

മേൽ പദ്ധതികളുടെ നടത്തിപ്പിനായി ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിനു കൈമാറിയ 5,71,000/-രൂപ (200000+371000) വിനിയോഗ സാക്ഷ്യപത്രം ചെലവു രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-38 വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 5,12,000/-രൂപ തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ ചുവടെച്ചേർക്കുന്ന പ്രോജക്റ്റുകളിലെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എ.ബി.സി.പദ്ധതി |
| പ്രോജക്റ്റ് നം | 46 |
| അടങ്കൽ തുക | 2,00,000/- |
| ചെലവ് തുക | 1,99,500/- |
| ബിൽ നം/തീയതി | 03/19-20/23-09-19 |

പ്രസ്തുത പദ്ധതിക്കായി 1,99,500/-രൂപ ജില്ലാ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നം.5 പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

ബി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രോജക്റ്റ് നം | 55/20 |
| അടങ്കൽ തുക | 1875000/- (625000(പൊതു)+312500(സംസ്ഥാന)+937500(മറ്റു) |
| ചെലവ് തുക | 312500/- (പൊതു) |
| ബിൽ നം/തീയതി | 1) 27/19-20/തീ 27-02-20 62500/-<br>2) 25/19-20/തീ 16-03-20 250000/- |

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി 3,12,500/-രൂപ ചെലവായിട്ടുണ്ട്. ചെലവു തുക കൈമാറിയതിന്റെ രേഖകളും

കൈപ്പറ്റു രസീതും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

മേൽ പദ്ധതികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.34/22-12-2021) രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക ഹാജരാക്കുന്നതാണെന്ന് മറുപടി നല്കി. രേഖകളുടെ അഭാവത്തിൽ ചെലവു തുക 5,12,000/- രൂപ (199500+312500) തടസ്സപ്പെടുത്തുന്നു. തൻവർഷത്തെ പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ വിനിയോഗസാക്ഷ്യപത്രവും ചെലവു രേഖകളും സഹിതം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

37 /2021

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത്

1.സ്പിൽ ഓവർ പ്രോജക്ടുകൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല.

എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആശ്രയ - അഗതിരഹിത കേരളം |
| പ്രോജക്ട് നം | 178/20 |
| അടങ്കൽ തുക | 2,00,000/- (പൊതു) |
| ചെലവ് തുക | 0 |

ബ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അഗതിരഹിത കേരളം |
| പ്രോജക്ട് നം | 179/20 |
| അടങ്കൽ തുക | 1,00,000/- (പൊതു) |
| ചെലവ് തുക | 0 |

മേൽ പദ്ധതികൾ പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2.വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ തുക | ചെലവ് |
|---|---|---|
| 63 - പാഥേയം (പട്ടിക ജാതി) | 73200- (21960(എസ്.സി) + 7320(തനതു) + 43920(മറ്റ് ജില്ല പഞ്ചാ)) | 21,960/- |
| 65 - പാഥേയം | 87840- (26352(പൊതു) + 8784(തനതു) + 52704 (മറ്റ് ജില്ല പഞ്ചാ)) | 26,352/- |

മേൽ പദ്ധതികളുടെ നിർവ്വഹണത്തിനായി 48,312/-രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. തുക കൈമാറിയതിന്റെ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ വിനിയോഗ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 2880 | കിണർ റീ ചാർജ്ജിംഗ് | 2880 | 0 |
| | | 0 | 425000 | കേദാരം - സമഗ്ര നെൽകൃഷി | 425000 | 0 |
| | | 0 | 1798418 | ലൈഫ് ജനറൽ | 910000 | 888418 |
| | | 0 | 285000 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി - സ്കോളർഷിപ്പ് | 285000 | 0 |
| | | 0 | 450000 | ക്ഷീര സമൃദ്ധി - ജനറൽ | 450000 | 0 |
| | | 0 | 700000 | ക്ഷീര സമൃദ്ധി - വനിത | 700000 | 0 |
| | | 0 | 2021880 | ലൈഫ് എസ്.സി.പി | 0 | 2021880 |
| | | 0 | 160000 | ന്യൂ ലൈഫ് | 0 | 160000 |
| | | 2133537 | 0 | മുൻ വർഷത്തെ വിവിധ പ്രോജക്ടുകൾ | 0 | 2133537 |
| ആകെ | | 2133537 | 5843178 | | 2772880 | 5203835 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 0 | 35000 | ഹരിത ഭവനം | 35000 | 0 |
| | | 0 | 425000 | കേദാരം | 425000 | 0 |
| | | 0 | 4320 | കിണർ റീചാർജ്ജിംഗ് | 4320 | 0 |
| | | 4320 | 0 | കിണർ റീചാർജ്ജിംഗ് ( സ്പിൽ ഓവർ) | 4320 | 0 |
| | | 0 | 50000 | ക്ഷീര സമൃദ്ധി - ജനറൽ | 50000 | 0 |
| | | 0 | 75000 | ക്ഷീര സമൃദ്ധി - വനിത | 75000 | 0 |
| | | 837720 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 837720 |
| ആകെ | | 842040 | 589320 | | 593640 | 837720 |

| | 2018-19 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2019-20 RP-7, RP-31 പ്രകാരം വരവ് | ആകെ | സ്വലേഖ പത്രിക പ്രകാരം | നീക്കിയിരിപ്പ് | 2019-20 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|

| | | | | ചെലവ് | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2133537 | 5843178 | 7976715 | 2772880 | 5203835 | 5203835 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 842040 | 589320 | 1431360 | 593640 | 837720 | 837720 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2019-20 | | | | | |
| കെ.എസ്.ഇ.ബി | 1351537 | 158/20 സ്ട്രീറ്റ് മെയിൻ നീട്ടൽ | 73750 | - | 73750 | - | 1458381 |
| | | ഇലട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്(തനത് ഫണ്ട്) | 15510 | - | 15510 | - | |
| | | ഇലട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്(തനത് ഫണ്ട്) | 17584 | - | 17584 | | |
| കേരള വാട്ടർ അതോറിറ്റി | 1699495 | - | - | - | - | - | 1699495 |
| ഭൂജല വകുപ്പ് | 204500 | - | - | - | - | - | 204500 |

| | 2018-19 B-18 , ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2019-20 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2019-20 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1351537 | 106844 | 1458381 | - | 1458381 | 1458381 |
| കേരള വാട്ടർ അതോറിറ്റി | 1699495 | - | 1699495 | - | 1699495 | 1699495 |
| ഭൂജല വകുപ്പ് | 204500 | - | 204500 | - | 204500 | 204500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018 /തസ്വഭവ തീ.18.05.2018 | 11700000 | 1700000 | 1491764 | 11908236 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-6 | 2017-18 | 1-1 | നിലവിൽ ഇല്ലാത്ത തസ്തികയിലും ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം | - |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 8,11,86,306/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,40,19,484/- |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,83,000/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37-1 | 5,71,000/- | ഡോ. ദീപരവി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-38 | 5,12,000/- | ഡോ. ജിജി ഭായി, വെറ്റിനറി സർജൻ |
| ആകെ | 10,83,000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | -- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1) ഡോ. ദീപ രവി | മെഡിക്കൽ ഓഫീസർ, കിഴുവിലം | ശ്രീവൽസം, എൻ.എൽ.ആർ.കെ/27, നീരാഴി ലൈൻ, ഉള്ളൂർ |
| 2) ഡോ.ജിജിഭായി | വെറ്റിനറി സർജൻ | ജോദീപ്തി, കുരുമം. പി.ഒ. തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1415/2018 തീയതി 22.05.2018 | 2 | |
| 2007-08 | | 4 | |
| 2008-09 | | 8 | |
| 2009-10&10-11 | | 11 | |
| 2011-12 | | 2 | |
| 2012-13 | | 11 | |
| 2013-14 | | 28 | |

| | | | |
|---|---|---|---|
| 2014-15 | | 6 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/2131/2016 തീയതി 19.12.2016 | 7 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1664(എ)/2017 തീയതി 21.08.2017/27.09.2017 | 23 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/2191/2018 തീയതി 24. | 24 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1748/2019 തീയതി 11.10.2019 | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്